# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 മേയ് 2 | ദീപം 57 | നാളം 8 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# മതേതരഭാരതം മതരാഷ്ട്രത്തിലേക്കോ?






ജോർജ് കള്ളിവയലിൽ


പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പച്ചയായ വർഗീയപരാമർശങ്ങളാണ് ഇന്ത്യൻ രാഷ്ട്രീയത്തിലെ പുതിയ വിവാദം. വർഗീയവിദ്വേഷം പരത്തിയതിനുപുറമേ, മുസ്ലീംസമുദായത്തെയാകെ അധിക്ഷേപിക്കാനും ഒരു പ്രധാനമന്ത്രി തയ്യാറായെന്നതാണു ഞെട്ടിക്കുന്നത്. നുഴഞ്ഞുകയറ്റക്കാരെന്നും ധാരാളം കുട്ടികളുള്ളവരെന്നുമാണു മുസ്ലീംകളെക്കുറിച്ച് മോദി കഴിഞ്ഞയാഴ്ച രാജസ്ഥാനിൽ പ്രസംഗിച്ചത്. കേന്ദ്രത്തിൽ കോൺഗ്രസ് അധികാരത്തിലെത്തിയാൽ ജനങ്ങളുടെ സ്വത്തും ഭൂമിയും വിതരണം ചെയ്യുമെന്നു മാത്രമല്ല, സ്ത്രീകളുടെ കെട്ടുതാലിവരെ മുസ്ലീംകൾക്കു കൈമാറുമെന്നുമായിരുന്നു മോദിയുടെ ആരോപണം.

മോദിയുടെ വിദ്വേഷപ്രസംഗത്തോടു കേന്ദ്രതിരഞ്ഞെടുപ്പു കമ്മീഷൻ പുലർത്തിയ നിസ്സംഗതയും നടപടിക്കുള്ള വൈമുഖ്യവും വിമർശനവിധേയമായി. പ്രസംഗത്തിന്റെ പൂർണരൂപവും വീഡിയോയും കമ്മീഷൻ ആവശ്യപ്പെട്ടെങ്കിലും വളരെ കടുത്ത നടപടി ഉണ്ടാകുമെന്നു പ്രതീക്ഷയില്ല. മോദിയും അമിത് ഷായും തിരഞ്ഞെടുത്തു നിയമിച്ച ഇഷ്ടക്കാരിൽനിന്നു വലുതായൊന്നും പ്രതീക്ഷിക്കുന്നില്ല. എങ്കിലും, ടി.എൻ. ശേഷനെപ്പോലെയുള്ള നിഷ്പക്ഷമതികൾ ഇരുന്ന കസേരയുടെ മാനം കാക്കണമല്ലോ. സ്വതന്ത്ര ഭരണഘടനാസ്ഥാപനമെന്ന നിലയിൽ സ്വതന്ത്രമായ പ്രവർത്തനവും നീതിയും പുലർത്താൻ തിരഞ്ഞെടുപ്പു കമ്മീഷനു ബാധ്യതയുണ്ട്. തിരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നീതിപൂർവകവും വിശ്വാസ്യതയും ഉള്ളതായില്ലെങ്കിൽ ജനാധിപത്യമാണു തകരുന്നത്.

ഗുജറാത്തിലെ സൂറത്തിൽ ബിജെപി സ്ഥാനാർഥി മുകേഷ് ദലാലിന്റെ ഏകപക്ഷീയവിജയം ജനാധിപത്യത്തിന്റെ മറ്റൊരു കറുത്ത പാടായി. സൂറത്തിലെ കോൺഗ്രസ് സ്ഥാനാർഥിയുടെയും ഡമ്മി സ്ഥാനാർഥിയുടെയും പത്രിക തള്ളിയതും പിന്നാലെ ബിഎസ്പി സ്ഥാനാർഥിയും ഏഴു സ്വതന്ത്രരും പത്രിക പിൻവലിച്ചതും പണം അടക്കമുള്ള ബിജെപിയുടെ സ്വാധീനത്തിലാകാതെ തരമില്ല. പക്ഷേ, സാങ്കേതികത്വത്തിൽ തൂങ്ങി ജനാധിപത്യത്തിന്റെ അന്തഃസത്ത തകർക്കാൻ റിട്ടേണിങ് ഓഫീസറും തിരഞ്ഞെടുപ്പു കമ്മീഷനും കൂട്ടുനിന്നുവെന്നതാണ് അപായസൂചന.

### മതേതരത്വത്തിൽ വെള്ളം ചേർക്കരുത്

രാജ്യത്തിന്റെ വിഭവങ്ങൾ ദളിതരും ആദിവാസികളും ന്യൂനപക്ഷങ്ങളുമടക്കം എല്ലാവർക്കും തുല്യമായി വീതിക്കുമെന്ന കോൺഗ്രസിന്റെയും മുൻപ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെയും വാഗ്ദാനത്തെ വളച്ചൊടിച്ചാണ് പ്രധാനമന്ത്രി മോദിയുടെ അപവാദപ്രചാരണം. സമത്വവും തുല്യനീതിയും ആവശ്യപ്പെടുന്നവരെയെല്ലാം മാവോയിസ്റ്റുകളും അർബൻ നക്സലുകളുമെന്ന് ആക്ഷേപിച്ചു, ചങ്ങാത്ത മുതലാളിത്തത്തിനു കുടപിടിക്കുന്ന മോദിയുടെ തന്ത്രം കേരളംപോലുള്ള സംസ്ഥാനങ്ങളിലെങ്കിലും വിലപ്പോകില്ല. സമ്പത്തിന്റെയും വരുമാനത്തിന്റെയും അസമത്വം പരിഹരിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ, ജാതിസെൻസസ്കൊണ്ടു രാജ്യത്തു സാമ്പത്തിക, സാമൂഹികനീതി ഉറപ്പാക്കാനാകുമോയെന്നതു തർക്കവിഷയമായേക്കാം. അതിലേറെ ന്യൂനപക്ഷങ്ങൾക്കിടയിലെ ഭൂരിപക്ഷത്തെമാത്രം പ്രീണിപ്പിക്കാനുള്ള കോൺഗ്രസിന്റെ ശ്രമങ്ങളിലും സംശയിക്കുകയും അപകടം മണക്കുകയും ചെയ്യുന്നവരെയും കുറ്റപ്പെടുത്താനാകില്ല.

അധികാരത്തിനായി വിദ്വേഷം പടർത്തുന്നതും വർഗീയമായി ഭിന്നിപ്പിക്കുന്നതും ജനങ്ങളെ തമ്മിലടിപ്പിക്കുന്നതും അംഗീകരിക്കാനാകില്ല. മുൻ രാഷ്ട്രനേതാക്കളെ ഇകഴ്ത്തിക്കാട്ടാനും സ്വയം രാജാവായി ഉയർത്തിക്കാട്ടാനും എല്ലാ മികവുകളുടെയും ക്രെഡിറ്റ് എടുക്കാനുമുള്ള മോദിയുടെ ശ്രമങ്ങൾ നല്ലതല്ല. നേട്ടങ്ങളെപ്പോലെതന്നെ വീഴ്ചകളും അംഗീകരിക്കണം. സമഭാവനയോടെ രാജ്യത്തെ ഒറ്റക്കെട്ടായി മുന്നോട്ടു കൊണ്ടുപോകുമ്പോൾമാത്രമാണ് ഒരു നേതാവ് യഥാർഥ നേതാവാകുന്നത്. പാലിക്കാത്ത വാഗ്ദാനങ്ങളും നടക്കാത്ത സ്വപ്നങ്ങളുമല്ല ജനങ്ങൾക്കു വേണ്ടത്.

### മണിപ്പൂരിന്റെ മുന്നറിയിപ്പുകൾ

മണിപ്പൂർകലാപം ന്യൂനപക്ഷങ്ങളോടുള്ള വിവേചനത്തിന്റെയും വിദ്വേഷത്തിന്റെയും നേർചിത്രംകൂടിയാണ്. വംശീയവും പ്രാദേശികവുമായ പല പ്രശ്നങ്ങളും മറപിടിച്ച് നടത്തിയ ക്രൈസ്തവവേട്ടയ്ക്കു മണിപ്പൂരിലെ ബിജെപി സർക്കാർ നല്കിയ ഒളിഞ്ഞും തെളിഞ്ഞുമുള്ള സഹായവും പിന്തുണയും മറയ്ക്കാനാകില്ല. ഇരുനൂറിലേറെപ്പേരെ കൊന്നതും ഇരുന്നൂറ്റമ്പതിലേറെ ക്രൈസ്തവ ദൈവാലയങ്ങളും ആയിരക്കണക്കിനു വീടുകളും തകർത്തു തീയിട്ടതും സ്ത്രീകളെ നഗ്നരാക്കി തെരുവിലൂടെ നടത്തിയതുമടക്കമുള്ള ക്രൂരതകൾ കണ്ടിട്ടും സംസ്ഥാനസർക്കാരിനെതിരേ നടപടിയെടുക്കാതിരുന്ന കേന്ദ്രസർക്കാരിനും കൈകഴുകനാകില്ല.

മണിപ്പൂരിനു പുറമേ, കഴിഞ്ഞ പത്തു വർഷത്തെ മോദിഭരണത്തിൽ രാജ്യത്തു പലയിടത്തും ന്യൂനപക്ഷങ്ങൾക്കുനേരേ ആസൂത്രിതാക്രമണങ്ങൾ പലതരത്തിലുണ്ടായി. ഫാ. സ്റ്റാൻ സ്വാമിയുടെ മരണവും മദർ തെരേസയുടെ സന്ന്യാസസമൂഹത്തിലെ ഒരു കന്യാസ്ത്രീയെ ഇല്ലാത്ത കുറ്റമാരോപിച്ച് ഏറെക്കാലം ജയിലിലിട്ടതും മറക്കാനാവില്ല. ക്രൈസ്തവദൈവാലയങ്ങൾക്കും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും നേരേ നടന്ന അക്രമങ്ങളും നിരവധിയാണ്. മുസ്ലീംകൾക്കെതിരേയും പലതരത്തിലുള്ള അതിക്രമങ്ങളും അധിക്ഷേപങ്ങളും ഉണ്ടായി.

2023 ലെ മണിപ്പൂർകലാപം, കഴിഞ്ഞ ഫെബ്രുവരിയിലെ ഉത്തരാഖണ്ഡിലെ ഹൽദ്വാനികലാപം, 2023 ൽത്തന്നെയുള്ള ഹരിയാനയിലെ നൂഹിലുണ്ടായ കലാപം, 2019 ലെ ഡൽഹികലാപം, 2018 ലെ ബിഹാർകലാപം, 2016 ലെ കോയമ്പത്തൂർകലാപം, 2013 ലെ മുസാഫർനഗർകലാപം തുടങ്ങിയവ രാജ്യം മറക്കില്ല. 2017 നും 2021 നും ഇടയിൽ മാത്രം ഇന്ത്യയിൽ 2,900 വർഗീയ സംഘർഷങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്ക്. മോദിസർക്കാരിലെ ആഭ്യന്തര സഹമന്ത്രിയായിരുന്ന നിത്യാനന്ദ് റായി രാജ്യസഭയിൽ 2002 ഡിസംബറിൽ നൽകിയ രേഖാമൂലമുള്ള ഉത്തരത്തിലാണ് ഈ വെളിപ്പെടുത്തൽ.

പശുവിന്റെ പേരിൽ 2015 ൽ ദാദ്രിയിലും, 2017 ൽ ആൽവാറിലും നടന്ന ആൾക്കൂട്ടക്കൊലകളും മറക്കില്ല. ദളിത്, ആദിവാസി, ന്യൂനപക്ഷപീഡനങ്ങൾ തടയാൻ ഫലപ്രദമായ നടപടികളുണ്ടായില്ല. വിദ്യാഭ്യാസത്തിലും ചരിത്രരചനയിലും സംഘപരിവാർ താത്പര്യങ്ങൾ തിരുകിക്കയറ്റാനും ശ്രമങ്ങളുണ്ടായി. മതേതരരാഷ്ട്രത്തിൽനിന്നു മതരാഷ്ട്രത്തിലേക്കു വലിച്ചിഴയ്ക്കാനുള്ള ശ്രമങ്ങളും ആപത്താണ്.

### വിലക്കയറ്റം, കാർഷികപ്രതിസന്ധി

ഭരണഘടനാവിരുദ്ധമെന്നുകണ്ട് സുപ്രീംകോടതി റദ്ദാക്കിയ ഇലക്ടറൽ ബോണ്ട് വീണ്ടും കൊണ്ടുവരുമെന്ന ധനമന്ത്രി നിർമല സീതാരാമന്റെ പ്രസ്താവന അപകടകരമാണ്. നോട്ട് അസാധുവാക്കലിന്റെ ഫലം സാമ്പത്തികത്തളർച്ചയായിരുന്നു. സാധാരണക്കാരും കർഷകരും ചെറുകിടകച്ചവടക്കാരും കൂടുതൽ ദുരിതത്തിലായി. കള്ളപ്പണം പിടിക്കാനെന്ന പേരിൽ നടപ്പാക്കിയ നോട്ട് അസാധുവാക്കലും, രാഷ്ട്രീയപ്പാർട്ടികളുടെ ഫണ്ടിങ് സുതാര്യമാക്കാനെന്ന പേരിൽ നടപ്പാക്കിയ ഇലക്ടറൽ ബോണ്ടും രാജ്യം കണ്ട വൻ അഴിമതികളായി.

▶12

# പടവെട്ടി നേടിയ കഥാലോകം

**2024 ലെ കേരള ബാലസാഹിത്യ അക്കാദമി കവിതാപുരസ്കാരവും അഷിതാ സ്മാരക പുരസ്കാരവും നേടിയ ശ്രീമൂലനഗരം സുരേന്ദ്രന്റെ എഴുത്തുവഴികളെക്കുറിച്ച് ഒരു അന്വേഷണം.**

**അഭിമുഖം**



**കെ. ആർ. അനിത**



♦ *ദശാബ്ദങ്ങളായി വായനയുടെ ലോകത്ത് ഉണ്ടെങ്കിലും എഴുത്തിന്റെ ലോകത്തേക്ക് വളരെ സാവധാനം കടന്നുവന്ന ഒരാളാണെന്നു തോന്നിയിട്ടുണ്ട്. എങ്ങനെയാണ് എഴുത്തിലേക്കുള്ള അങ്ങയുടെ രംഗപ്രവേശം?*

സജീവമായി എഴുതിത്തുടങ്ങിയിട്ട് നാലു വർഷം കഴിഞ്ഞുകാണും. ചരിത്രങ്ങളും പുരാണങ്ങളും എല്ലാം വായിക്കും. പക്ഷേ, വായിക്കുന്നതെല്ലാം കണ്ണടച്ചു വിശ്വസിക്കുന്ന സ്വഭാവമില്ല. യുക്തിക്കിണങ്ങാത്തതു നിരാകരിക്കുകയോ അന്വേഷിച്ചറിയുകയോ ചെയ്യും. സമൂഹത്തിന്റെ ദുഃഖങ്ങൾ കഥയിലൂടെയും കവിതകളിലൂടെയും ഭംഗിയായി ജനങ്ങളുടെ മുന്നിലെത്തിക്കാനും അതിലൂടെ നമ്മുടെ നിലപാടുകൾ വ്യക്തമാക്കാനും കഴിയുമെന്ന തിരിച്ചറിവാണ് എന്നെ എഴുത്തിന്റെ മേഖലയിലേക്കു കടന്നുവരാൻ പ്രേരിപ്പിച്ചത്.

♦ *താങ്കളുടെ ബാലകവിതകളിലെല്ലാം പ്രാസഭംഗിയോടൊപ്പം തന്നെ വാത്സല്യവും സാരോപദേശവും ഒളിഞ്ഞിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെറുതെ ഒരു രസത്തിനു പാടിപ്പോകാതെ, തന്നെ വായിക്കുന്ന കുട്ടികളിലേക്ക് ചില മൂല്യങ്ങൾകൂടി നൽകണമെന്ന ഉദ്ദേശ്യത്തോടുകൂടിയായിരിക്കുമല്ലേ ഇത്തരത്തിലൊരെഴുത്ത്?*

ശരിയാണ്. പ്രാസഭംഗി കവിതയെ മനോഹരമാക്കും. തുടക്കത്തിലേ അങ്ങനെ എഴുതിയാണു ശീലം. ചെറുപ്പത്തിലേ കവിതകൾ ഇഷ്ടമായിരുന്നു. വെറുതെ കേട്ടുപോകലല്ല. അതിലെ പദപ്രയോഗങ്ങൾ ശ്രദ്ധിക്കും.. പദങ്ങൾകൊണ്ടുള്ള ചെപ്പടിവിദ്യകൾ ശ്രീനാരായണ ഗുരുദേവന്റെ കൃതികളിൽ വായിക്കുമ്പോൾ അദ്ഭുതവും ആഹ്ളാദവും തോന്നിയിട്ടുണ്ട്.

കഥാപ്രസംഗങ്ങൾ ഇഷ്ടമാണ്. സാംബശിവന്റെ ഒട്ടുമിക്ക കഥാപ്രസംഗങ്ങളും കാണാപ്പാഠമാണ്. അതിലെ ഗാനങ്ങളെല്ലാം പ്രാസഭംഗിയുള്ളതാണ്. എന്റെ കഥയെഴുത്തിലും അദ്ദേഹത്തിന്റെ കഥപറച്ചിൽശൈലി കണ്ടേക്കാം. ഓരോ എഴുത്തുകാരനും സമൂഹത്തോടു പ്രതിബദ്ധതയുണ്ട്. ബാലസാഹിത്യം എഴുതുമ്പോൾ വളരുന്ന കുട്ടികൾക്ക് അതിലൂടെ ധാരാളം അറിവുകൾ പകർന്നുനൽകാൻ ഞാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. കഥയിലൂടെയും കവിതയിലൂടെയും ജീവിതമൂല്യങ്ങൾ രസകരമായി കുട്ടികളിലേക്ക് എത്തിക്കാൻ കഴിയും. ഒരു കഥ അല്ലെങ്കിൽ കവിത ആസ്വദിച്ചുകഴിയുമ്പോൾ ആസ്വാദകരിൽ അറിവിന്റെ ഒരു കിരണമെങ്കിലും വീഴ്ത്താൻ കഴിയണം. അതായിരിക്കണം കഥയും കവിതയും.

♦ *എഴുത്തുകാരൻ എപ്പോഴും നല്ല വായനക്കാരൻകൂടി ആയിരിക്കണം എന്നാണല്ലോ പറയുന്നത്. എങ്ങനെയുള്ള പുസ്തകങ്ങളാണ് കൂടുതലും വായിക്കാറുള്ളത്? ഏറ്റവും ഇഷ്ടപ്പെട്ട എഴുത്തുകാരൻ ആര്?*

കവിതയെഴുത്തുകാർക്ക് ഏറ്റവും വേണ്ട ഒരു സമ്പത്താണ് പദസമ്പത്ത്. കൂടുതൽ വായിക്കുക, കുറച്ചെഴുതുക എന്നാണ് അറിവുള്ളവർ പറയുന്നത്.

എം. മുകുന്ദന്റെയും ഉറൂബ്, ചെറുകാട്, പൊൻകുന്നം വർക്കി തുടങ്ങിയവരുടെയും കൃതികൾ വായിക്കാനാണ് കൂടുതലിഷ്ടം. വയലാറിന്റെയും ഒ.എൻ.വിയുടെയും കവിതകൾ എത്ര വായിച്ചാലും മതിയാവില്ല. ബാലസാഹിത്യലോകത്ത് ധാരാളം പ്രതിഭകളുണ്ട്. ബാലസാഹിത്യകാരന്മാരുടെ ഗ്രൂപ്പുകളിലൂടെ എഴുതുകയും വായിക്കുകയും ചെയ്യാറുണ്ട്.

♦ *സോഷ്യൽ മീഡിയ എഴുത്തിനെ സ്വാധീനിക്കാറുണ്ടോ?*

സോഷ്യൽ മീഡിയ എഴുത്തിനെയും വായനയെയും കുറച്ചൊന്നുമല്ല സ്വാധീനിച്ചിരിക്കുന്നത്. പണ്ട് കഥയോ കവിതയോ എഴുതിയാൽ അത് ജനമധ്യത്തിൽ എത്തണമെങ്കിൽ ഏതെങ്കിലും വാരികക്കാരുടെ ദയവുണ്ടാകണം. ഇന്നതു വേണ്ട. അതിനെല്ലാം പോന്ന പ്ലാറ്റ്ഫോമായി സോഷ്യൽ മീഡിയ ഇന്ന് തിളങ്ങിനിൽക്കുന്നു.

♦ *ഇപ്പോഴത്തെ കുട്ടികൾ മൊബൈലിനും ഇന്റർനെറ്റിനും അടിമകളായി വായനയിൽനിന്നു പിൻവലിയുന്നുവെന്ന് കുറേ നാളായി നാം കേട്ടുകൊണ്ടിരിക്കുന്നു. ഇതിനെക്കുറിച്ച് എന്താണ് അഭിപ്രായം?*

സത്യത്തിൽ, പത്രം പതിവായി വായിക്കുന്ന കുട്ടികൾ എത്രയുണ്ട്? മലയാളം തെറ്റുകൂടാതെ എഴുതാൻ ഇന്നത്തെ തലമുറയിൽ പലർക്കും അറിയില്ല. എന്റെ മക്കൾക്ക് മലയാളം അറിയില്ല, ഇംഗ്ലീഷേ അറിയൂ എന്ന് പലരും അഭിമാനത്തോടെ പറയുന്നതു കേൾക്കാം. ഇതൊരു നല്ല പ്രവണതയല്ല. മാതൃഭാഷ ഒരു ഭാഷ മാത്രമല്ല. നമ്മളോരോരുത്തരും അടയാളപ്പെടുന്നത് മാതൃഭാഷയുടെ പേരിലാണ്.

വഴി ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുകയും ചെയ്യുന്നതിനാണ് ലൈബ്രറി കൗൺസിൽ നിർദേശം കൊടുത്തിരിക്കുന്നത്. അത് എല്ലായിടത്തും പ്രാവർത്തികമായിക്കൊണ്ടിരിക്കുന്നത് ഗുണപരമായ മാറ്റങ്ങളുണ്ടാക്കും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

♦ *തീക്ഷ്ണമായ ജീവിതാനുഭവങ്ങളാണ് എഴുത്തിന്റെ ശക്തിയെന്നു പലരും പറയുന്നതു കേട്ടിട്ടുണ്ട്. സ്വജീവിതം എഴുത്തിനുള്ള അസംസ്കൃതവസ്തുവായി മാറിയിട്ടുണ്ടോ?*

ശരിയാണ്. ജീവിതാനുഭവങ്ങളിൽനിന്നാണ് ജീവനുള്ള കഥകളും കവിതകളുമുണ്ടാകുന്നത്. ഒരുവിധം എല്ലാ കഥാപാത്രങ്ങളായും ജീവിതത്തിൽ എനിക്കു പകർന്നാടേണ്ടിവന്നിട്ടുണ്ട്. എന്റെ കഥകളെല്ലാം നമ്മുടെ ചുറ്റും നടക്കുന്ന സംഭവങ്ങളാണ്. അതുകൊണ്ടുതന്നെ നമ്മളോരോരുത്തരും അതിൽ കഥാപാത്രങ്ങളായും വരും.

♦ *ബിസിനസിന്റെ തിരക്കിനിടയിലും എഴുത്തിനുള്ള സമയം കണ്ടെത്തുന്നത് എങ്ങനെയാണ്?*

എന്തിനും സമയമുണ്ടാക്കിയാൽ ഉണ്ടാവും എന്ന അഭിപ്രായക്കാരനാണ് ഞാൻ. ജോലിയെല്ലാം കഴിഞ്ഞെത്തിയാൽ കുറെ സമയം കിട്ടും. പിന്നെ എവിടെയെങ്കിലും വെറുതെയിരിക്കേണ്ട സന്ദർഭം വന്നാൽ ഫോണിൽ എഴുതാമല്ലോ.

♦ *എഴുത്തുജീവിതത്തിൽ എവിടെനിന്നെങ്കിലും അവഗണന നേരിട്ടിട്ടുണ്ടോ?*

അത് പ്രാരംഭത്തിൽ എല്ലാവരും നേരിട്ടിട്ടുണ്ടാകും എന്നുതന്നെയാണ് കരുതുന്നത്. അതൊന്നും വകവയ്ക്കാതെ നമ്മൾ നമ്മുടെ മാർഗത്തിലൂടെ മുന്നേറുക എന്നുള്ളതാണ് കാര്യം. എന്റെ ജീവിതത്തിൽ ഏറെ ഒറ്റപ്പെടുത്തലും ദ്രോഹങ്ങളും സഹിച്ചിട്ടുണ്ട്. ഏറ്റവും വലിയ ശത്രുക്കൾ മിത്രമായി കൂടെനിന്ന് ചതിക്കുന്നവരാണ്. ഇവരോടെല്ലാം ഇന്നെനിക്ക് നന്ദിയേ പറയാനുള്ളൂ. കാരണം, എന്നെ എല്ലാ മേഖലയിലും വളർത്തിയത് അവരാണ്. അവരുടെ ചെയ്തികളാണ് എനിക്കു വളരാൻ വളമായത്. പട്ടിണി ഞാൻ ഏറെ സഹിച്ചിട്ടുണ്ട്. എന്നെ പലതും പഠിപ്പിച്ച പട്ടിണിയാണ് ഇന്ന് എന്റെ ഏറ്റവും വലിയ ഗുരുനാഥൻ. ഏതൊരു രംഗത്തും വരുമ്പോൾത്തന്നെ മിടുക്കരാവില്ല. ഏതു തൊഴിൽ രംഗത്തും എത്രയെത്ര തെറ്റുകൾ തിരുത്തിയാണ് നല്ല രീതിയിൽ ആ രംഗത്ത് ശോഭിക്കാൻ കഴിയുന്നത്. അതുപോലെത്തന്നെയാണ് എഴുത്തും. എഴുതിയെഴുതി പാകം വരണം. ശരിയായ വായനയും ചിന്തയും വേണം.

♦ **കുടുംബവിശേഷങ്ങൾ**

ഭാര്യ സരള, മകൾ സുരഭി, മകൻ സുരാജ്, മരുമക്കൾ കൃഷ്ണകുമാർ, വിഷ്ണുപ്രിയ, ചെറുമകൻ അഭിനവ്. ഇവരെല്ലാമടങ്ങിയതാണ് കുടുംബം. ■

## കെ.സി.ബി.സി. മീഡിയകമ്മീഷൻ ജോൺപോൾ അവാർഡ് ഡോ. ഷെയ്സൺ പി.ഔസേപ്പിന്



കൊച്ചി: നവാഗത ചലച്ചിത്രപ്രതിഭയ്ക്കു കെസിബിസി മീഡിയ കമ്മീഷൻ നല്കുന്ന 2024 ലെ ജോൺപോൾ അവാർഡ്, സംവിധായകൻ ഡോ. ഷെയ്സൺ പി. ഔസേപ്പിന്. കഴിഞ്ഞ വർഷം പുറത്തിറങ്ങിയ 'ദ ഫേസ് ഓഫ് ദ ഫേസ് ലെസ്' സിനിമയുടെ സംവിധായകനായ ഇദ്ദേഹം, മുംബൈ സെന്റ് സേവ്യേഴ്സ് കോളജ് ഫിലിം ആൻഡ് ടെലിവിഷൻ വിഭാഗം ഡീൻ ആണ്. ഇന്റർനാഷണൽ കാത്തലിക് വിഷ്വൽ മീഡിയ ഗോൾഡൻ അവാർഡ് ഉൾപ്പെടെ 55 ലധികം പുരസ്കാരങ്ങളും 2024 ലെ ഓസ്കാർ നോമിനേഷനും 'ദ ഫേസ് ഓഫ് ദ ഫേസ്‌ലെസ്' നേടിയിരുന്നു.

അന്തരിച്ച തിരക്കഥാകൃത്ത് ജോൺ പോളിന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ പുരസ്കാരം മേയ് 24 ന് പിഒസിയിൽ നടക്കുന്ന ചടങ്ങിൽ കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ ജോസഫ് പാംബ്ലാനി സമ്മാനിക്കുമെന്ന് കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഏബ്രാഹാം ഇരിമ്പിനിക്കൽ അറിയിച്ചു.

**കുഞ്ഞിക്കവിതകൾ** **കാഞ്ചിയാർ മോഹനൻ**

### അന്ത്യം

വാരിക്കൂട്ടിയതൊക്കെയും നാളെ-
യേതോമൂലയിൽ തള്ളണം.
തേടിക്കൂട്ടിയതൊക്കെയും അന്ത്യം
കൂടെ കൂട്ടുവാനാവില.

### കാലൊച്ച

ഇനിയൊരിഞ്ചുപോലും
ഓടാൻ കഴിയാത്തവനും
പിന്നാലെ വരുന്നവന്റെ
കാലൊച്ചയാണ് കാതിൽ?

### കണ്ണാടി

കണ്ണാടിയെ വിശ്വസിക്കുക; എന്തെന്നാൽ,
നീ കരയുമ്പോഴൊരിക്കലും
നിന്റെ പ്രതിബിംബം ചിരിക്കില്ല.

### റികാസ്റ്റ്

സ്വന്തമാം പുസ്തകം പൂട്ടിവച്ച്,
അന്യന്റെ പുസ്തകത്താളു കാണാൻ
സൗഹൃദാപേക്ഷ അയച്ചിടുന്നോർ
എക്കാലവും കൂടെ വാഴ്വതില്ല,
ചിരിക്കില്ല.

### അമ്മ

നുള്ളിക്കൊടുത്താലും
തല്ലിക്കൊടുത്താലും
തള്ള കഴിഞ്ഞുള്ളതേ-
യുള്ളു ഭൂമിയിൽ.

# ആയിരങ്ങൾക്ക് അഭയമരുളിയ ആത്മീയജ്യോതിസ്സ്

## അഗതികളുടെയും അശരണരുടെയും ആലംബമായിരുന്ന പുണ്യശ്ലോകൻ ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ അന്തരിച്ചിട്ട് 2024 മേയ് നാലിനു പത്തുവർഷം



ഡോ. സെബാസ്റ്റ്യൻ നരിവേലി

ഏറെ സവിശേഷതകളുടെ ഉടമയായിരുന്ന ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ ഏതർഥത്തിലും ഒരൊന്നൊന്നര വൈദികനായിരുന്നു. അഗതിസ്നേഹത്തിന്റെ ആൾരൂപമായിരുന്ന ബഹുമാനപ്പെട്ട അവിരാച്ചന്റെ നൂറു വയസ്സ് പൂർത്തിയാകുമെന്ന പ്രതീക്ഷ നിത്യസഹായമാതാവിലൂടെ ദൈവം സാധിച്ചുകൊടുത്തു. അച്ചന്റെ ജീവചരിത്രം എഴുതാനുള്ള ആഗ്രഹം പല സന്ദർഭങ്ങളിൽ - ഉദാ: അശീതി, ശതാഭിഷേകം, നവതി - അറിയിച്ചിട്ടും വൈമുഖ്യം. 93-ാം വയസ്സിൽ അദ്ഭുതകരമായി വത്തിക്കാനിൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ സന്നിധിയിലെത്തിയ ചരിത്രസംഭവത്തിനു പിന്നാലെ, ജീവചരിത്രത്തിന്റെ കാര്യം ഞാനോർമിപ്പിച്ചു. 'നിനക്കെന്നാ ധൃതി?' എന്നായിരുന്നു മറുപടി.

98-ാം വയസ്സിലാണ് ഞങ്ങളുടെ നിർബന്ധത്തിന് അച്ചൻ വഴങ്ങി 'ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ നൂറിൽ നൂറുമായി നൂറിലേക്ക്' - എന്ന പുസ്തകം ഞാൻ എഴുതിയത്. അവതാരിക എഴുതിയത് പാലാ രൂപതയുടെമാത്രമല്ല, കേരള കത്തോലിക്കാസഭയുടെതന്നെ അഭിമാനമായ അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. പിറ്റേവർഷം ജീവചരിത്രം ഇംഗ്ലീഷിൽ എഴുതാനുള്ള എന്റെ ആഗ്രഹത്തിന് ആദ്യമറുപടി 'നേരമാകുമ്പം പറഞ്ഞേക്കാം. നീ ധൃതിപിടിച്ചിട്ടു കാര്യമില്ല' എന്നായിരുന്നു. പിന്നീട് സമ്മതിച്ചു. ഞാൻ അവതരിപ്പിച്ച മൂന്നു തലക്കെട്ടുകളിൽ At the Twilight of a Fruitful Century അച്ചന് ഇഷ്ടപ്പെട്ടു. ദൈവത്തിൽ ഏറെ ആശ്രയിച്ച്, ഈശോയെയും നിത്യസഹായമാതാവിനെയും ഹൃദയത്തോടു ചേർത്തുവച്ചിരുന്ന കൈപ്പൻപ്ലാക്കലച്ചന്റെ സെഞ്ചുറി എന്ന ആഗ്രഹം സ്നേഹഗിരി സിസ്റ്റേഴ്സിന്റെ സ്നേഹപൂർണമായ പരിചരണത്താൽ സഫലമായി. 2014 ഏപ്രിൽ 16 ന് നൂറു വയസ്, തുടർന്ന് മൂന്നാഴ്ചകൂടി.

കൈപ്പൻപ്ലാക്കലച്ചന്റെ ഔന്നത്യം മനസ്സിലാക്കാൻ 2014 മേയ് 6 ലെ മൃതസംസ്കാരംമാത്രം മതി. അന്നുവരെ പാലാ കണ്ട ഏറ്റവും ജനനിബിഡമായ സംസ്കാരശുശ്രൂഷകൾ. രണ്ടു കർദിനാൾമാർ, പത്തു ബിഷപ്പുമാർ, മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും നാലു മന്ത്രിമാരും, നൂറുകണക്കിനു വൈദികരും സിസ്റ്റേഴ്സും, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ പതിനായിരങ്ങളും (ഇതിനെ പിന്നിലാക്കിയ പാലായിലെ ഏക അന്ത്യയാത്ര പ്രിയങ്കരനായിരുന്ന കെ.എം. മാണിസാറിന്റേതുമാത്രം).

സഭാധികാരികളുടെ പ്രോത്സാഹനവും പാലായിലെയും പരിസരത്തെയും വമ്പിച്ച ജനപിന്തുണയും തടസ്സങ്ങൾ മറികടക്കാൻ അച്ചനെ പ്രാപ്തനാക്കി. പ്രാതികൂല്യങ്ങളുടെ മധ്യത്തിൽനിന്ന് അച്ചനെ കൈപിടിച്ചുയർത്തിയ ഒരു മഹത്‌വ്യക്തിത്വമാണ് ലോകാവസാനംവരെ മുഴങ്ങുന്ന 'ഹരിവരാസന'ത്തിന്റെയും പതിനായിരക്കണക്കിന് സൂപ്പർഗാനങ്ങളുടെയും ഉടമ പത്മഭൂഷൺ ഡോ. കെ.ജെ. യേശുദാസ്. 1980 മുതൽ 1992 വരെ ഒന്നിടവിട്ട വർഷങ്ങളിൽ ഒരു പ്രതിഫലവും വാങ്ങാതെ ദാസേട്ടൻ നടത്തിയ അഞ്ചു ഗാനമേളകൾ കൈപ്പൻപ്ലാക്കലച്ചന്റെ സാമ്പത്തികഭദ്രതയും ഒപ്പം ആത്മവിശ്വാസവും ദ്വിഗുണീഭവിപ്പിച്ചു. 2010 ൽ അച്ചനെ ചെത്തിമറ്റത്തെ ദൈവദാൻ സെന്ററിൽ സന്ദർശിച്ച യേശുദാസ് ഒരു ഗാനമേളകൂടി ഓഫർ ചെയ്തു. നടക്കാൻ



ബുദ്ധിമുട്ടിലായിരുന്ന അവിരാച്ചനച്ചൻ വേച്ചുവേച്ച് എഴുന്നേറ്റ് ദാസിന്റെ ഇരുകൈകൾ കൂട്ടി നന്ദിയോടെ, ക്ഷമാപണത്തോടെ പറഞ്ഞു: "ടിക്കറ്റ് വിൽക്കാൻ വീടുകൾ കയറാൻ എനിക്കാവില്ലല്ലോ മോനേ."

അച്ചൻ പാലായിൽ സ്ഥാപിച്ച സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ്, മലയാറ്റൂരിൽ തുടക്കമിട്ട ദൈവദാൻ സന്യാസിനീസമൂഹം എന്നിവയിലെ അറുന്നൂറോളം സിസ്റ്റേഴ്സിലൂടെ, 110 അഗതിഭവനങ്ങളിലെ 5300 ലേറെ നിരാശ്രയർക്ക് സ്നേഹസംരക്ഷണം. ഇതിൽ വൃദ്ധ സ്ത്രീ-പുരുഷൻമാർ, നിർധന ബാലികാബാലൻമാർ, ശാരീരിക-മാനസിക വൈകല്യമുള്ളവർ എല്ലാം ഉൾപ്പെടുന്നു. ആയിരക്കണക്കിന് അഗതികൾക്ക് അവരുടെ ഒപ്പം വസിച്ച് സ്നേഹശുശ്രൂഷയും ഭാഗ്യമരണവും നൽകി എന്നതുമാത്രമല്ല കൈപ്പൻപ്ലാക്കലച്ചന്റെ വ്യത്യസ്തത. സാമ്യമറ്റ ആ പ്രവർത്തനമികവിന്റെ ഉത്തമദൃഷ്ടാന്തങ്ങളിൽ ചിലതാണ് പാലാ ളാലം സെന്റ് മേരീസ് ദൈവാലയവും അവിടെ തുടക്കമിട്ട നിത്യസഹായമാതാവിന്റെ നൊവേനയും. 1958 ൽ തുടങ്ങിയ കേരളത്തിലെ രണ്ടാമത്തെ നിത്യസഹായമാതാവിന്റെ നൊവേന ഒരുകാലത്ത് ആയിരങ്ങളെ പാലായിലേക്ക് ആനയിച്ചു. അവിശ്വസനീയമായ ചെലവുചുരുക്കലിൽ ഏതാണ്ട് അറുപതിനായിരത്തിൽ താഴെ രൂപമാത്രം മുടക്കി ആറു മാസം കൊണ്ട് അച്ചൻ പുതുക്കിപ്പണിത ളാലം പഴയ പള്ളി ലാളിത്യത്തിന്റെയും വിസ്തൃതിയുടെയും സർവോപരി യഥാർഥ ദൈവസാന്നിധ്യത്തിന്റെയും ഉദാത്തമാതൃകയായി നിലകൊള്ളുന്നു. പാലാ ടൗൺ കുരിശുപള്ളിയിൽ നടത്തപ്പെടുന്ന ജൂബിലിത്തിരുനാളിന് മുപ്പതിലേറെ വർഷക്കാലം ആദ്യദിനപ്രസംഗകൻ കൈപ്പൻപ്ലാക്കലച്ചനും സമാപനപ്രസംഗകൻ പാലാ ബിഷപ്പുമായിരുന്നു.

യാതൊരുവിധ വിദേശസഹായത്തിനോ സ്ഥാപനപിന്തുണയ്ക്കോ പോകാതെ നേടിയെടുത്ത അന്യാദൃശമായ പൊതുജനസഹകരണം പ്രതിസന്ധികളുടെ പ്രദോഷങ്ങളിലും കൈപ്പൻപ്ലാക്കലച്ചനു കരുത്തു നൽകി. പുതിയ ബിസിനസ് സംരംഭങ്ങൾ, പുതിയ വാഹനങ്ങൾ, ഗൃഹപ്രവേശം തുടങ്ങിയ ഏതു മംഗളകർമത്തിനും പാലാക്കാർക്ക് നാല്പതു വർഷത്തോളം കൈപ്പൻപ്ലാക്കലച്ചൻമാത്രം മതിയായിരുന്നു. ഏറ്റവുമധികം പേർക്ക് അന്ത്യകൂദാശയും ഭാഗ്യമരണവും നൽകിയതിന് ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്സിൽ സ്ഥാനം അച്ചൻ അർഹിക്കുന്നു. സുദീർഘമായ സേവനപാതയിലെ ആദ്യനാഴികക്കല്ലുകളായ പാലാ ബോയ്സ് ടൗൺ, കൊഴുവനാൽ ഗേൾസ് ടൗൺ തുടങ്ങിയവയിൽ സംരക്ഷണവും പരിശീലനവും ലഭിച്ച് നല്ല നിലയിലെത്തിയ നാനാജാതിമതസ്ഥരുടെ സംഖ്യ അഞ്ചക്കമാണ്.

അനാഥർക്കും ദരിദ്രർക്കുംവേണ്ടി എക്സ്ട്രാ മൈൽ നടക്കാൻ എന്നും സന്നദ്ധനായിരുന്ന കൈപ്പൻപ്ലാക്കലച്ചന്റെ സവിശേഷതകൾ എളുപ്പത്തിൽ സംഗ്രഹിക്കാനാവും:

1. മികച്ച നേതൃത്വയോഗ്യതകൾ - സംഘാടകവൈഭവം, ദീർഘവീക്ഷണം, നിശ്ചയദാർഢ്യം, കഠിനാധ്വാനം, ധാർമികത, നയചാതുര്യം, തികഞ്ഞ ആതിഥ്യമര്യാദ.
2. ക്രിയാത്മകമനോഭാവം
3. നലംതികഞ്ഞ പ്രസംഗവൈഭവം
4. അഗതികളോടുള്ള സഹഭാവം
5. പ്രതിസന്ധികളിൽ തളരാത്ത ആത്മവിശ്വാസം
6. അധികാരികളോടുള്ള ആദരവ്
7. ജീവിതലാളിത്യം, മിതവ്യയം
8. വായന - സഞ്ചാരപ്രിയം
9. നർമബോധം
10. ദൈവേഷ്ടത്തിനുള്ള സമർപ്പിതഭാവം

2014 മേയ് 4ന് അന്തരിച്ച ഞങ്ങളുടെ ബഹുമാനപ്പെട്ട എബ്രാഹം കൈപ്പൻപ്ലാക്കലച്ചന്റെ കബറിടത്തിൽ നിരവധിപേർ അനുദിനം പ്രാർഥിക്കാനെത്തുന്നു. ഞങ്ങളുടെ പ്രിയപ്പെട്ട അവിരാച്ചനച്ചന്റെ മധ്യസ്ഥതയിൽ പ്രാർഥിച്ച് അനുഗ്രഹങ്ങൾ ലഭിച്ചവരിൽ സഹോദരീപൗത്രനായ ഈ ലേഖകനും ഉൾപ്പെടുന്നു. ■


916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,

Phone: 212498 , 211028

സഹോദരസ്ഥാപനം:

മൂഴയിൽ ഫൈനാൻസിയേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ

ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com

Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

11 ഇസ്രായേലിന്റെ വഴികളിലൂടെ

# നിലയ്ക്കാത്ത വിലാപം



തോമസ് കുഴിഞ്ഞാലിൽ

യഹൂദജനത്തിന്റെ മതവികാരങ്ങളെ വ്രണപ്പെടുത്തിയ പല സംഭവങ്ങളിൽ ഒന്നുമാത്രമായിരുന്നു സിനഗോഗിനു മുമ്പിൽ നടന്നത്.

ഒരു സാധാരണ യഹൂദപൗരൻ റോമാസാമ്രാജ്യത്തിനു നൽകേണ്ട നികുതിപ്പണം അവനു താങ്ങാവുന്നതിലുമധികമായിരുന്നു. മാത്രവുമല്ല, നികുതി പിരിച്ചെടുക്കാൻ നിയോഗിപ്പെട്ടിരുന്ന ചുങ്കക്കാർ, പിരിച്ചെടുക്കുന്നതിന്റെ സിംഹഭാഗവും തട്ടിയെടുക്കുന്നതിൽ വിരുതരുമായിരുന്നു. ചുങ്കക്കാരിൽ പ്രമാണിയും ധനികനുമായിരുന്ന സക്കേവൂസിന്റെ മാനസാന്തരകഥ പുതിയ നിയമഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നത് ഒരു ദൃഷ്ടാന്തമാണ്. സക്കേവൂസ് എഴുന്നേറ്റു പറഞ്ഞു: കർത്താവേ, ഇതാ, എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു (ലൂക്കാ 19:8). ഭൂമിയിലെയും അതിലെ സർവവസ്തുക്കളുടെയും യഥാർഥ ഉടമസ്ഥൻ സ്രഷ്ടാവായ യഹോവമാത്രമായതിനാൽ സൃഷ്ടികളായ മറ്റാർക്കും കരം നൽകേണ്ടതില്ലെന്ന നിലപാടാണ് യഹൂദജനം സ്വീകരിച്ചത്. യഹൂദരുടെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് യൂദയായിൽ പലയിടങ്ങളിലും സംഘർഷത്തിനു കാരണമായി.

സീസറിനു നികുതി കൊടുക്കുന്നതു നിയമാനുസൃതമോ അല്ലയോ എന്ന നിയമജ്ഞരുടെയും പ്രധാനപുരോഹിതരുടെയും ചോദ്യത്തിനു കർത്താവായ യേശു നൽകിയ ഉചിതമായ മറുപടിയും വിശുദ്ധഗ്രന്ഥത്തിലുണ്ട്. അവരുടെ കൗശലം മനസ്സിലാക്കിയ യേശു അവരോടു പറഞ്ഞു: നിങ്ങൾ ഒരു ദനാറ എന്നെ കാണിക്കുവിൻ. ആരുടെ രൂപവും ലിഖിതവുമാണ് ഇതിലുള്ളത്? സീസറിന്റേത് എന്ന് അവർ പറഞ്ഞു. അവൻ അവരോടു പറഞ്ഞു: സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുവിൻ (ലൂക്കാ 20:23-25, മത്തായി 22:18-21). ഇവിടെ, സീസറിനു നികുതി കൊടുക്കരുതെന്ന് യേശു പറഞ്ഞിട്ടില്ല എന്നതു പ്രത്യേകം ശ്രദ്ധിക്കണം. കൂടാതെ, യേശുവും ശിഷ്യരും ദൈവാലയനികുതി കൊടുത്തിരുന്നുവെന്നതിനു വിശുദ്ധഗ്രന്ഥത്തിൽ തെളിവുണ്ട്. കഫർണാമിൽവച്ച് ദൈവാലയനികുതി പിരിക്കുന്നവർ പത്രോസിനോടു ചോദിച്ചു: നിങ്ങളുടെ ഗുരു നികുതി കൊടുക്കുന്നില്ലേ? അവൻ പറഞ്ഞു: ഉവ്വ് (മത്തായി 17:24-25). എങ്കിലും, അവർക്ക് ഇടർച്ചയുണ്ടാകാതിരിക്കാൻ നീ കടലിൽ പോയി ചൂണ്ടയിടുക; ആദ്യം ലഭിക്കുന്ന മത്സ്യത്തിന്റെ വായ് തുറക്കുമ്പോൾ ഒരു നാണയം കണ്ടെത്തും. അതെടുത്ത് എനിക്കും നിനക്കും വേണ്ടി അവർക്കു കൊടുക്കുക (മത്തായി 17:27). ദൈവാലയശുശ്രൂഷയ്ക്കായി വർഷംതോറും ഓരോ വ്യക്തിയും നൽകേണ്ട തുകയെക്കുറിച്ച് മോശവഴി ദൈവം യഹൂദജനത്തിനു നൽകിയ കല്പനയെയാണ് ഈ വചനം അനുസ്മരിപ്പിക്കുക: ജനസംഖ്യക്കണക്കിൽ ഉൾപ്പെടുന്ന 20 വയസും അതിനുമേലും പ്രായമുള്ള ഓരോ വ്യക്തിയും അരഷെക്കൽ വീതം കർത്താവിനു കാണിക്കയായി നൽകണം. ഇസ്രയേൽ ജനത്തിൽനിന്നു പാപപരിഹാരത്തുക സ്വീകരിച്ച് സമാഗമകൂടാരത്തിലെ ശുശ്രൂഷയ്ക്കായി ഉപയോഗിക്കണം (പുറ. 30:14-16). നൂറ്റാണ്ടുകളായി യഹൂദജനം അക്ഷരംപ്രതി അനുഷ്ഠിച്ചുവന്ന ദൈവകല്പനയാണിത്.

ഒരു നൂറ്റാണ്ടിലേറെക്കാലമായി റോമൻ ഗവർണർമാരുടെ കിരാതഭരണത്തിൽ പൊറുതിമുട്ടിയ യഹൂദർ അസ്വസ്ഥരായി കഴിയുകയായിരുന്നു. യേശുവിന്റെ ജീവിതകാലത്ത് പൊന്തിയോസ് പീലാത്തോസ് ചെയ്ത ഒരു ക്രൂരകൃത്യത്തെക്കുറിച്ച് യേശുതന്നെ പരാമർശിച്ചിട്ടുള്ളത് ലൂക്കാസുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്: ഗലീലിയക്കാരായ ഏതാനും പേരുടെ ബലികളിൽ അവരുടെ രക്തംകൂടി പീലാത്തോസ് കലർത്തിയ വിവരം ആ സമയത്ത് അവിടെയുണ്ടായിരുന്ന ചിലർ അവനെ അറിയിച്ചു. അവൻ ചോദിച്ചു: ഇവയെല്ലാം അനുഭവിച്ചതുകൊണ്ട് അവർ മറ്റെല്ലാ ഗലീലിയക്കാരെയുംകാൾ കൂടുതൽ പാപികളായിരുന്നു എന്നു നിങ്ങൾ കരുതുന്നുവോ? അല്ല എന്നു ഞാൻ പറയുന്നു. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും (ലൂക്കാ 13:1-3).

അസംതൃപ്തരായിരുന്ന യഹൂദജനത്തിന്റെ രോഷം മുഴുവൻ ഏല്ക്കേണ്ടിവന്നത് ക്രൂരരും അഴിമതിക്കാരും ദുർന്നടത്തക്കാരുമായ ഗവർണർമാരും റോമൻ സൈനികനേതൃത്വവുമായിരുന്നു. ഗലീലിയിലും, സമരിയായിലും, യൂദയായിലുമുള്ള പല നഗരങ്ങളിലും ജനങ്ങളും സൈനികരും തമ്മിൽ ഏറ്റുമുട്ടലുകളുണ്ടായി. ബി സി 64 മുതൽ യൂദയാ ഗവർണറായിരുന്ന ഫ്ളോറസിനെതിരേ ശബ്ദമുയർത്തുകയും അയാളെ അവഹേളിക്കുകയും ചെയ്തു. റോമൻചക്രവർത്തിയായിരുന്ന നീറോയെ ദൈവമായി ആരാധിക്കണമെന്നും, റോമൻ ദേവന്മാർക്കു ബലിയർപ്പിക്കണമെന്നും ആവശ്യപ്പെട്ട് ഫ്ളോറസ് ഇറക്കിയ ഉത്തരവു നിരാകരിച്ച യഹൂദജനം ജറുസലെമിലെ സൈനികത്താവളം പിടിച്ചെടുക്കുകയും റോമൻ സൈന്യത്തെ നഗരത്തിൽനിന്നു തുരത്തിയോടിക്കുകയും ചെയ്തു. ജറുസലെമിൽനിന്നു പലായനം ചെയ്ത് ഗവർണറും ഹേറോദ് അഗ്രിപ്പയും ഗലീലിയിൽ അഭയം തേടി.



ജറുസലെമിലെ വിലാപത്തിന്റെ മതിൽ

തങ്ങളുടെ ഇടയിലുണ്ടായിരുന്ന വിഭാഗീയതകളെല്ലാം മറന്ന് ഒറ്റക്കെട്ടായി പൊരുതിയതിനാലാണ് യഹൂദജനത്തിന് വിജയം നേടാനായത്. മിതവാദികളും തീവ്രവാദികളും ഒരുമിച്ചുനിന്നു പോരാടി. പ്രധാനപുരോഹിതനായിരുന്ന അനാനസ്, ജോസഫ് ബെൻഗമ്ല, ജോസഫ് ബെൻഗൂരിയോൻ എന്നിവരുടെ നേതൃത്വത്തിൽ ഒരു താത്കാലികസർക്കാരിനും രൂപം നൽകി. പടയാളിയും, പിന്നീട് ചരിത്രകാരനുമായി അറിയപ്പെട്ട ഫ്ളാവിയസ് ജോസഫസ് സേനാതലവനായി നിയമിക്കപ്പെട്ടു. ഏറ്റവും രൂക്ഷമായ ഏറ്റുമുട്ടൽ നടന്ന ബേത്ഹൊറോൺ എന്ന പട്ടണത്തിൽ 6,000 റോമൻ സൈനികരാണ് കൊല്ലപ്പെട്ടത്. സിറിയൻപ്രവിശ്യയുടെ തലസ്ഥാനവും തുറമുഖനഗരവുമായ കേസറിയയിൽ പതിനായിരത്തിലധികം യഹൂദരും വധിക്കപ്പെട്ടു.

### വെസ്പാസിയനും ടൈറ്റസും

യഹൂദകലാപം മൂർധന്യത്തിലെത്തുമ്പോൾ നീറോയോടൊപ്പം ഗ്രീസിലായിരുന്ന റോമൻ ജനറൽ വെസ്പാസിയൻ എ ഡി 67 ൽ നാലു ലീജിയൻ സൈന്യവുമായി ഗലീലിയിലെത്തി. ഒരു റോമൻ ലീജിയനിൽ കാലാൾപ്പടയും കുതിരപ്പടയാളികളുമുൾപ്പെടെ 6,000 സൈനികരുണ്ടാകും. അക്കാലത്ത് അലക്സാൻഡ്രിയായിലുണ്ടായിരുന്ന വെസ്പാസിയന്റെ മകൻ ടൈറ്റസും പിതാവിന്റെ അഭീഷ്ടപ്രകാരം ആറു ലീജിയൻ സൈന്യവുമായി ഗലീലിയിൽ എത്തിച്ചേർന്നു. ഹേറോദ് അഗ്രിപ്പാരാജാവിന്റെ പടയാളികളും റോമൻസൈന്യത്തോടു ചേർന്നപ്പോൾ അവരെ പ്രതിരോധിക്കാൻ യഹൂദർക്കു കഴിയാതെ പോയി. ഗലീലിയിൽ മാത്രം ഒരു ലക്ഷം യഹൂദരുടെ ജീവൻ നഷ്ടമായി. ആയിരക്കണക്കിനു യഹൂദർ തടവുകാരാക്കപ്പെടുകയും അടിമകളായി വിൽക്കപ്പെടുകയും ചെയ്തു.

ധൂർത്തനും സ്ത്രീലമ്പടനും സുഖലോലുപനുമായിരുന്ന നീറോ, ഖജനാവു മുടിപ്പിച്ച് 300 മുറികളുള്ള ഒരു ബ്രഹ്മാണ്ഡൻ കൊട്ടാരം നിർമിച്ചത് റോമൻ സെനറ്റർമാരുടെ അപ്രീതിക്കു കാരണമായി. മുറികളുടെ ഉൾഭാഗങ്ങൾ സ്വർണം പൊതിഞ്ഞാണു നിർമിച്ചത്. റോമാനഗരത്തെ വിഴുങ്ങിയ അഗ്നി അണയുംമുമ്പ് കൊട്ടാരത്തിന്റെ നിർമാണം തുടങ്ങിയത് അഗ്നിബാധയ്ക്കുപിന്നിൽ നീറോ ആണെന്ന സംശയം ബലപ്പെടുത്തുകയും ചെയ്തു. 98 അടി ഉയരമുള്ള സ്വന്തം വെങ്കലപ്രതിമ കൊട്ടാരത്തിനു മുമ്പിൽ സ്ഥാപിച്ച് വീമ്പുകാട്ടിയതും സെനറ്റർമാരെ ചൊടിപ്പിച്ചു. രാജ്യദ്രോഹിയായി മുദ്രകുത്തപ്പെട്ട നീറോ, റോമിൽനിന്നു പലായനം ചെയ്യുകയും എ ഡി 68 ൽ സ്വയം ജീവനൊടുക്കുകയും ചെയ്തത് ആഭ്യന്തരകലാപത്തിലേക്കും അധികാരവടംവലിയിലേക്കും നയിച്ചു. യഹൂദരുടെ കലാപം വിജയകരമായി അമർച്ച ചെയ്തുവെന്ന ഖ്യാതി നേടിയെടുത്ത വെസ്പാസിയനെ കേസറിയയിലുണ്ടായിരുന്ന സൈനികവ്യൂഹം ഒന്നടങ്കം റോമൻ ചക്രവർത്തിയായി പ്രഖ്യാപിച്ചത് ഈ പശ്ചാത്തലത്തിലാണ്. ജറുസലെം നഗരത്തിലേക്കു പിൻവലിഞ്ഞ യഹൂദസൈന്യത്തെ ഉന്മൂലനം ചെയ്യാൻ പുത്രനായ ടൈറ്റസിനെ ചുമതലപ്പെടുത്തിയശേഷമായിരുന്നു ജനറൽ വെസ്പാസിയൻ റോമിലേക്കു യാത്ര തിരിച്ചത്.

### കല്ലിന്മേൽ കല്ലുശേഷിക്കാതെ...

ലോകചരിത്രത്തിലെ ഏറ്റവും ദുഃഖകരമായ ഒരു ദുരന്തകഥയുടെ മുഖ്യസൂത്രധാരനാണ് വെസ്പാസിയനുശേഷം റോമൻ ചക്രവർത്തിയായ ടൈറ്റസ്. വിശുദ്ധനഗരം മാത്രമല്ല, യഹൂദജനം പരിപാവനമായി കാത്തുപോന്നിരുന്ന ജറുസലെം ദൈവാലയവും അഗ്നിക്കിരയാക്കിയത് ടൈറ്റസിന്റെ നേതൃത്വത്തിലാണ്. "ദൈവാലയം നശിപ്പിക്കരുതേ" എന്ന് ടൈറ്റസ് വിളിച്ചുപറഞ്ഞിരുന്നെങ്കിലും സൈനികർ അദ്ദേഹത്തെ അനുസരിക്കാൻ കൂട്ടാക്കിയില്ലെന്ന് അഭിപ്രായപ്പെടുന്ന ചരിത്രകാരന്മാരുണ്ട്. 'തൂവെള്ള മഞ്ഞുമൂടിയ ഒരു പർവതംപോലെ ഉയർന്നുനിന്ന മാർബിൾ സൗധം' എന്ന് ഫ്ളാവിയസ് ജോസഫസ് വിശേഷിപ്പിച്ചിട്ടുള്ള ദൈവാലയസമുച്ചയം അഗ്നിനാളങ്ങൾ വിഴുങ്ങി. ജറുസലെം നഗരം പൂർണമായും കീഴടക്കാൻ റോമൻ സൈന്യത്തിന് ഏഴു മാസം വേണ്ടിവന്നു എന്നാണു ചരിത്രം.

ബി സി 586 ൽ നശിപ്പിക്കപ്പെട്ട ആദ്യദൈവാലയം പുനർനിർമിച്ചത് മഹാനായ ഹെറോദുരാജാവായിരുന്നു. ബി സി 20 ൽ തുടങ്ങി 46 വർഷമെടുത്താണ് രണ്ടാമത്തെ ദൈവാലയം പൂർത്തിയാക്കിയത്. പുതിയനിയമഗ്രന്ഥത്തിൽ ഇതേക്കുറിച്ചുള്ള സൂചനയുണ്ട്. യഹൂദർ ചോദിച്ചു: ഈ ദൈവാലയം പണിയുവാൻ 46 സംവത്സരമെടുത്തു. വെറും മൂന്നു ദിവസത്തിനകം നീ അതു പുനരുദ്ധരിക്കുമോ? എന്നാൽ അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ് (യോഹ. 2:20-21).

2 മുതൽ 5 വരെ ടൺ ഭാരമുണ്ടായിരുന്ന ഭീമാകാരമായ കല്ലുകൾകൊണ്ടാണ് ദൈവാലയത്തിന്റെ ചുറ്റുമതിൽ നിർമിച്ചത്. ചുറ്റുമതിലിന്റെ ശരാശരി ഉയരം 150 അടിയായിരുന്നു. റോമാക്കാർ നശിപ്പിക്കാതെ അവശേഷിപ്പിച്ച പടിഞ്ഞാറേമതിലിന്റെ ഉയരം 131 അടിയാണ് (40 മീറ്റർ). ഇടിച്ചുനിരത്തിയ മതിലുകളിലെ കല്ലുകളെല്ലാം കഷണങ്ങളാക്കി നഗരവീഥികളിൽ നിരത്തി. ദൈവാലയത്തിന്റെ നാശത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രവചനം അങ്ങനെ അന്വർഥമായി. വിശുദ്ധ ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: യേശു ദൈവാലയത്തിൽനിന്നു പുറത്തുവന്നപ്പോൾ ശിഷ്യന്മാരിൽ ഒരുവൻ പറഞ്ഞു: ഗുരോ, നോക്കൂ, എത്ര വലിയ കല്ലുകൾ! എത്ര വിസ്മയകരമായ സൗധങ്ങൾ! അവൻ പറഞ്ഞു: ഈ മഹാസൗധങ്ങൾ നിങ്ങൾ കാണുന്നില്ലേ? എന്നാൽ ഇവയെല്ലാം കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടും (മർക്കോസ് 13:1-2, മത്തായി 24:1-2). എ ഡി 70 സെപ്റ്റംബർ 8-ാം തീയതി നടന്ന ആ മഹാദുരന്തത്തെയോർത്ത് ലോകം ഇന്നും വിലപിക്കുന്നു.

(തുടരും)

നോവൽ 23

പാപ്പച്ചൻ കടമക്കുടി

# ചക്രവർത്തിനി

അകലങ്ങളിൽനിന്ന് വെളിച്ചത്തിന്റെ നേരിയകിരണങ്ങൾ എത്തിനോക്കുന്നതേയുള്ളൂ. കൊട്ടാരംപൂന്തോട്ടത്തിൽ എങ്ങുനിന്നോ എത്തിയ ചെറുമാരുതൻ ഉറങ്ങിയിരുന്ന പൂവുകളെ തൊട്ടുണർത്താൻ ശ്രമിച്ചു. അവ കുളിരോടെ ഊഞ്ഞാലാടിയുലഞ്ഞു.

ഇലത്തുമ്പുകളിൽനിന്ന് ഇറ്റുവീണ മഞ്ഞുതുള്ളികൾ താഴെ പുൽപ്പരപ്പിൽ ലേശംനേരം തങ്ങിനിന്നശേഷം ഭൂമിയിലേക്കു താഴ്ന്നുപോയി.

പൂവാടികളിൽ കിളികളുടെ കളകൂജനങ്ങൾ തുടങ്ങിയിട്ടുണ്ട്.

സൂര്യൻവന്ന് മണിയറക്കിളിവാതിലിന്റെ മറവിൽനിന്നെത്തിനോക്കി ചിരിക്കുന്നു

ജനൽവാതിലിലൂടെ ആരുമറിയാതെ കടന്ന് തിരശ്ശീലയിളക്കി, മഞ്ചത്തിൽ മയങ്ങുന്ന യുവമിഥുനങ്ങളുടെ കാതിലെന്തോ പതുക്കെ രഹസ്യമോതിക്കൊണ്ടൊരു കുഞ്ഞുകാറ്റ് പതുങ്ങിനടന്നു.

എസ്തേറിന്റെ മിഴികൾ അറിയാതെ തുറന്നുപോയി.

അവൾ അവിടെക്കിടന്നുകൊണ്ടുതന്നെ ചുറ്റിലും ഒന്നു നോക്കി. തന്നോടുചേർന്നു മയങ്ങുകയാണ് മഹാരാജാവ്. നിഷ്കളങ്കനായ ഒരു ചെറിയ കുട്ടിയെപ്പോലെ.

ശ്രദ്ധിച്ചു.

അന്തഃപുരം ഉണർന്നിട്ടുണ്ട്. അവിടെനിന്നു വേലക്കാരുടെ ശബ്ദം കേൾക്കാം.

ആ കാറിക്കരയുന്നത് നെഹാമിയാ അല്ലേ? ഉപനാരികളുടെ കൊട്ടാരത്തിലാണ് ഷബാനി. അവിടെനിന്നാണു കുട്ടിയുടെ കരച്ചിൽ ഉയരുന്നത്.

ഷബാനിയും വളർത്തമ്മയും അതറിഞ്ഞില്ലെന്നുണ്ടോ?

കൈകൾ രണ്ടും മുകളിലേക്കു വിരിച്ച് കാലുകൾ താഴേക്കു വലിച്ച് ശരീരം ഒന്നു നിവർത്തിയപ്പോൾ എസ്തേറിൽനിന്ന് ഒരു കോട്ടുവായ് ചെറുശബ്ദത്തോടെ പുറത്തേക്കുവന്നു. അതു തടയാൻ ഇടതുകൈകൊണ്ട് വായ് പൊത്തിയെങ്കിലും വിഫലമായിപ്പോയി.

മെല്ലെ കട്ടിലിൽ എണീറ്റിരുന്നു. പുതപ്പിന്റെ പൊതിയഴിച്ചു.

നിലതെറ്റിക്കിടന്ന വസ്ത്രങ്ങളൊക്കെ നേരെയാക്കി.

കുറച്ചുനേരം കിടക്കയിൽ വെറുതെയിരുന്നു.

അഴിഞ്ഞുലഞ്ഞു കിടന്നിരുന്ന മുടി കൈകൊണ്ട് വാരിക്കൂട്ടിക്കെട്ടിയശേഷം തിരിഞ്ഞുനോക്കി.

ഉറങ്ങുന്ന പ്രിയൻ അറിഞ്ഞിട്ടേയില്ലാ.

ആ കവിളത്തൊരു മുത്തം കൊടുക്കാൻ അവൾക്കു കൊതിതോന്നി.

കൗതുകത്തോടെ ചുണ്ടുകൾ അങ്ങോട്ടു ചാഞ്ഞതുമാണ്. പിന്നെക്കരുതി അതുവേണ്ടെന്ന്.

പാവം, ക്ഷീണിച്ചുറങ്ങുകയാണ്.

അല്പനേരംകൂടെ കിടന്നോട്ടെ.

അഹസ്വേരുസിനെ നോക്കി നാണത്തോടെ ചിരിച്ചുകൊണ്ട് പതുക്കെ കട്ടിലിൽനിന്നുമിറങ്ങാൻ തുടങ്ങി.

കാലുകൾ നിലത്തുചവിട്ടാൻ ആരംഭിച്ചതേയുള്ളൂ. എസ്തേറിന്റെ ഇടതുകൈത്തണ്ടിൽ ബലമായ ഒരു പിടിത്തം വീണു.

അവൾ ഞെട്ടിത്തിരിഞ്ഞു.

അമ്പരന്ന കണ്ണുകളിലേക്കു രാജാവിന്റെ ഉദിച്ചുണർന്ന പുഞ്ചിരി വന്നുനിറഞ്ഞു.

''നീയെങ്ങോട്ടാണ് എസ്തേർ?"


കിടന്നുകൊണ്ടുതന്നെ രാജാവ് ചോദിച്ചു.

ലജ്ജകൊണ്ടു തിളങ്ങുന്ന കണ്ണുകൾ തെരുതെരെയടച്ച് ചിരിയധരങ്ങളിലൂടെ എസ്തേർ സ്വകാര്യംപോലെ ഉരുവിട്ടു:

"നേരം പുലർന്നതറിഞ്ഞില്ലേ?"

"അതിനെന്താ? നീയിവിടെയിരിക്ക്."

രാജാവ് അവളെ പിന്നോട്ടു വലിച്ചു.



ഇരിക്കാൻ ശ്രമിച്ചെങ്കിലും ചാഞ്ഞുചരിഞ്ഞു രാജാവിന്റെ മാറിലേക്കാണവൾ വന്നുവീണത്.

"ഇതെന്താ കൊച്ചുകുട്ടികളെപ്പോലെ?"

അവൾ കിണുങ്ങി.

"കുറച്ചുകഴിഞ്ഞു പോയാൽ മതി."

"അയ്യേ... പുറത്ത് തോഴിമാർ നിൽപ്പുണ്ടാകും. അവരൊക്കെ എന്തുകരുതും?"

പ്രിയതമന്റെ പിടിത്തത്തിൽനിന്ന് അവൾ രക്ഷപ്പെടുകയാണ്.

"അവരെന്തു കരുതാനാ?"

വേഗത്തിലെഴുന്നേറ്റ മഹാരാജാവ് അവളെ വട്ടംപിടിക്കാൻ ശ്രമിച്ചു.

"ഇന്ന് രാജസഭയുള്ളതാ."

അവൾ ഓർമിപ്പിച്ചു.

"ഞാൻമൂലം രാജാവിന്റെ ഭരണകാര്യങ്ങൾക്കു കോട്ടമുണ്ടാവരുത്."

"നമുക്കറിയാം സൂചിപ്പിക്കുന്നത് എന്താണെന്ന്."

അഹസ്വേരുസ് ഗൗരവത്തോടെ വ്യക്തമാക്കി.

"അതൊക്കെ തീരുമാനിക്കപ്പെട്ടു കഴിഞ്ഞതല്ലേ?"

അദ്ദേഹം മഹാറാണിയെ അരികിലേക്കു ചേർത്തുനിർത്തി നെറുകയിൽ ചുംബിച്ചു.

"നിനക്കും നിന്റെ ജനത്തിനും നാശമുണ്ടാകുന്നതൊന്നും നമ്മുടെ സാമ്രാജ്യത്തിൽ വച്ചുപൊറുപ്പിക്കില്ല."

എസ്തേർ ഒന്നും സംസാരിക്കാതെ ഓർമകളിലേക്ക് ഒതുങ്ങിനിന്നു.

അന്നത്തെ കൊച്ചുഹദസ.

ഒന്നുമറിയാത്ത ഒരു ഗ്രാമീണപ്പെൺകുട്ടി. കൂടാരത്തിലേക്കു പ്രവാസികളുടെകൂടെ കടന്നുവന്ന അഞ്ചു വയസ്സുകാരി.

അപ്പനും അമ്മയും നഷ്ടപ്പെട്ടവൾ. പിതൃസഹോദരന്റെ കൂടെ ദത്തുപുത്രിയായി സങ്കടം കുടിച്ചു വളർന്നവൾ. ഹന്ന എന്ന പോറ്റമ്മയുടെ സ്നേഹം കണ്ടറിഞ്ഞവൾ.

ഗ്രാമത്തിന്റെ നിയമങ്ങൾക്കുള്ളിൽ തളച്ചിടപ്പെട്ടവൾ. വയലുകളിലേക്ക് ആടുമേയ്ക്കാൻ പോകുന്ന മുതിർന്നവർക്ക് ഉച്ചഭക്ഷണവുമായി പോകുന്നതാണു പുറംലോകക്കാഴ്ചകൾക്കുള്ള ഏക പോംവഴി. എന്നുമെപ്പോഴും എവിടെയെങ്കിലും ചാരിനില്ക്കേണ്ടി വന്നവൾ.

പല വിഭാഗം ഗോത്രങ്ങൾ തമ്മിലുള്ള കശപിശകളും യുദ്ധങ്ങളും. തിരിച്ചറിയാനാവാത്ത പ്രായംമുതൽ ഇതുവരെ തനിക്കുവേണ്ടിമാത്രം ജീവിച്ചുപോന്നു.

ഇന്നലെയാണ് സ്ത്രീത്വത്തിന്റെ ഗുരുത്വവും ലഘുത്വവും മനസ്സിലായത്. മഹത്ത്വം നീചത്വമായും നീചത്വം മഹത്ത്വമായും മാറ്റിമറിക്കപ്പെട്ട രാത്രി.

"തളിർത്തും പൂത്തുംനിന്ന ജീവിതങ്ങൾ നിയമത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് കടപുഴകി കലങ്ങിമറിഞ്ഞു തകരുമ്പോൾ അവരെ ഉയർച്ചയിലേക്കെത്തിക്കാൻ ശ്രമിച്ചതാണെന്ന മഹത്ത്വം അഥവാ ഗുരുത്വം?"

''ലക്ഷ്യപ്രാപ്തിക്കുവേണ്ടി സ്ത്രീത്വത്തെ അടിയറവെക്കേണ്ടിവന്നത് നീചത്വമോ ലഘുത്വമോ?"

നാടകം ആവർത്തിക്കപ്പെടുകയാണ്.

പഴയ അതേ സംഭാഷണം, അതേ ഭാവങ്ങൾ - എങ്കിലും തനിക്കു മാത്രമാണോ ആ രംഗങ്ങൾ വിരസമായി മാറിയത്? എന്താവാം സഹനടീനടന്മാരുടെ പ്രതികരണം?

അല്ലെങ്കിൽ ഇതെല്ലാം ഒരു സ്വപ്നംമാത്രമായിരുന്നുവോ!

മഹാരാജാവിന്റെ കാലുകളിൽ വീണ് എസ്തേർ തേങ്ങിക്കരയുന്നു.

എന്നെ രക്ഷിക്കണം മഹാരാജൻ, എന്നെ രക്ഷിക്കണം, ഹാമാൻ നടത്തിയ ഗൂഢാലോചനയുടെ ഫലമായി ഉണ്ടായ ആപത്തുകളിൽനിന്ന്.

കണ്ണീർവീണു പാദങ്ങൾ നനഞ്ഞപ്പോൾ അഹസ്വേരുസ് ചക്രവർത്തി തന്റെ സ്വർണച്ചെങ്കോൽ നീട്ടി അവളുടെ കഴുത്തിൽ സ്പർശിച്ചു. വൈദ്യുതാഘാതമേറ്റപോലെ അവളൊന്നു കുടഞ്ഞുണർന്നു.

"മഹാരാജാവിന് എന്നെ ഇഷ്ടമാണെങ്കിൽ, എന്നോടു പ്രീതിയുണ്ടെങ്കിൽ, ചെയ്യുന്നത് ശരിയെന്നു തോന്നുന്നുവെങ്കിൽ, അങ്ങേക്കു ഞാൻ പ്രിയപ്പെട്ടവളാണെങ്കിൽ രാജ്യത്തിന്റെ എല്ലാ പ്രവിശ്യകളിലുമുള്ള യഹൂദരെ നശിപ്പിക്കാൻ കഴിവുള്ള ആ നിയമം പിൻവലിച്ചാലും."

രാജാവ് അവളെ കൈപിടിച്ച് എഴുന്നേല്പിക്കുന്നു.

ആർദ്രതയോടെ നോക്കുന്നു.

ദീനഭാവത്തിൽ അവൾ തുടരുന്നു:

"എങ്ങനെയാണ് ഞാനെന്റെ ജനത്തിന്റെ നാശം കണ്ടുകൊണ്ടിരിക്കുന്നത്. ഈ സങ്കടങ്ങൾ ഞാനെങ്ങനെ സഹിക്കും?"

ചക്രവർത്തി ചോദിക്കുന്നു

"അതിനു കൂട്ടുനിന്നവനെ നാം ഇല്ലാതാക്കിയില്ലേ? അവന്റെ ഭവനം നാം നിനക്കു നൽകിയില്ലേ?"

അവൾ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു.

മഹാരാജാവിനു മറുപടി ലഭിക്കുന്നില്ല.

നിശ്ശബ്ദതയാണ്...!

രാജാവിന്റെ ശബ്ദത്തിൽ ഉത്കണ്ഠ നിറഞ്ഞു:

"എസ്തേർ, നീയെന്താ പിണക്കമാണോ?"

പെട്ടെന്നാണ് ഉറക്കത്തിൽ നിന്നെന്നപോലെ അവളെഴുന്നേറ്റത്. അവൾ മഹാരാജാവിന്റെ വലതുകരം പിടിച്ചുയർത്തി ചുണ്ടോടുചേർത്തു.

"അങ്ങ് എന്റെ എല്ലാമാണ്."

കണ്ണീരോ വികാരങ്ങളോ വന്ന് വാക്കുകളെ പ്രകമ്പനം കൊള്ളിച്ചു.

"ഇന്ന് മഹാറാണിയുമുണ്ടാവണം രാജസഭയിൽ."

മനസ്സില്ലാമനസ്സോടെ അദ്ദേഹം മുറിയുടെ പുറത്തേക്കു നടന്നു. എസ്തേർ വാതില്ക്കലോളം പിന്തുടർന്നു.

മഹാരാജാവു മണിയറ വിട്ടതോടെ തോഴിമാർ ഓടിയെത്തി. കളിവാക്കുകൾ പലതും പറഞ്ഞ് അവളെ പൊതിഞ്ഞു. കളിചിരികൾ കൂടിക്കൂടി വന്നപ്പോൾ അവൾ നാണവും കോപവും കലർന്ന് അവരെ ആട്ടിയകറ്റി. പിന്നെ വെറുതെയിരുന്നു ചിരിച്ചു.

കുളികഴിഞ്ഞ് രാജകീയപ്രൗഢിയോടെയാണ് അണിഞ്ഞൊരുങ്ങിയത്. തോഴിമാരുടെ സഹായത്തോടെ അവളൊരു സ്വർഗീയ സുന്ദരിയെപ്പോലെയായി.

തിരഞ്ഞെടുക്കപ്പെട്ട തോഴിമാർ അവളെ രാജസഭയോളം പിന്തുടർന്നു. സംഘത്തെ വഴികാണിക്കാനെന്നോണം ഹാഗായ് മുമ്പേ നടന്നു.

അവരോടൊപ്പം രാജാവിന്റെ ക്ഷണവുമായി എത്തിയ ഷണ്ഡൻ ഹാഥാക്കുമുണ്ട്.

രാജസഭയിലേക്കു കടക്കുന്ന വാതിലിനു മുന്നിൽ ഒരു മിന്നൽ പ്രഭപോലെ എസ്തേർ വന്നുനിന്നു. അഹസ്വേരുസ്‌രാജാവ് ഉടൻ തന്റെ സ്വർണച്ചെങ്കോൽ അവൾക്കു നേരേനീട്ടി. ആഹ്ലാദപൂർവം വിളിച്ചു പറഞ്ഞു: "മഹാരാജ്ഞിക്കു സ്വാഗതം..."

എസ്തേറും രാജാവിനെ യഥോചിതം വണങ്ങി.

"മഹാരാജാവ് നീണാൾ വാഴട്ടെ."

പാദസരങ്ങളുടെ കിലുക്കത്തോടെ, നവോഢയെപ്പോലെ, രാജ്ഞിക്കുവേണ്ടി ഒരുക്കിവച്ചിരുന്ന സിംഹാസനത്തിനു തൊട്ടടുത്ത് എസ്തേർ എത്തിയപ്പോൾ സദസ്സ് ഒന്നടങ്കം എഴുന്നേറ്റുനിന്ന് ആദരവോടെ വിളിച്ചു:

''എസ്തേർ മഹാരാജ്ഞി നീണാൾ വാഴട്ടെ."

മഹാരാജാവും സദസ്യരുടെ സന്തോഷത്തിൽ പങ്കാളിയായി.

രാജസഭയിലെ വിവിധ കാര്യങ്ങളിൽ രാജ്ഞി സജീവമായി പങ്കെടുത്തത് സഭാവാസികളെയും രാജാവിനെയും അദ്ഭുതപ്പെടുത്തി.

സാധാരണവിഷയങ്ങൾക്കെല്ലാം സഭാവാസികളിൽനിന്നു പരിഹാരനിർദേശങ്ങളെത്തി. രാജാവ് അനുയോജ്യമായവയെല്ലാം അംഗീകരിച്ചു. ചിലതെല്ലാം തള്ളിക്കളഞ്ഞു.

"ഇനി ഭരണനിർവഹണകാര്യങ്ങളെക്കുറിച്ചുള്ള ചർച്ചയാണ്."

മഹാരാജ്ഞി പ്രഖ്യാപിച്ചു.

"ഇന്ന് സഭയിൽ തീരുമാനിക്കപ്പെടേണ്ട വിഷയത്തെക്കുറിച്ചു പറയാൻ പ്രധാനസചിവൻ തയ്യാറായിട്ടുണ്ടാവുമല്ലോ."

രാജാവ് മൊർദെക്കായിയെ നോക്കി.

(തുടരും)




മേയ് 5
ഉയിർപ്പുകാലം
ആറാം ഞായർ

ഉത്പ 9:8–17
2 രാജാ 2:1–15
റോമാ 8:1–11
യോഹ 5:19–29

# വിശ്വസിക്കുന്നവൻ ഉയിർപ്പിക്കപ്പെടും



ഫാ. ഡോ. തോമസ് വടക്കേൽ

ശരീരങ്ങളുടെ ഉയിർപ്പാണ് ഉത്ഥാനകാലത്തെ വിചിന്തനവിഷയങ്ങൾ. ഉത്ഥാനമുണ്ടോ? ഉത്ഥിതശരീരങ്ങൾ എപ്രകാരമായിരിക്കും? ആരാണ് ഉയിർപ്പിക്കപ്പെടുന്നത്? തുടങ്ങിയ ചോദ്യങ്ങളെക്കുറിച്ചെല്ലാം ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന കാലഘട്ടമാണിത്. ഉയിർപ്പുകാലം ആറാം ഞായറിലെ വചനവായനകളെല്ലാം ഉത്ഥാനവുമായി ബന്ധപ്പെട്ട ദർശനങ്ങളാണു ശ്രോതാക്കൾക്കു പ്രദാനം ചെയ്യുന്നത്. ഒന്നാം വായനയിൽ (ഉത്പ. 9:8–17) ജലപ്രളയദുരിതത്തിന്റെ നാശത്തിൽനിന്നു പുതിയ ഒരു ജീവിതത്തിലേക്കു ജനത്തെ കൊണ്ടുവരുന്ന പുതിയ ഒരു ഉടമ്പടിയുടെ അടയാളത്തെക്കുറിച്ചും, രണ്ടാം വായനയിൽ (2 രാജാ. 2:1–15) സ്വർഗത്തിലേക്ക് എടുക്കപ്പെടുന്ന ഏലിയാപ്രവാചകനെക്കുറിച്ചും, മൂന്നാം വായനയിൽ (റോമാ. 8:1–11) ശരീരങ്ങളുടെ ഉയിർപ്പിനെക്കുറിച്ചുള്ള പൗലോസ് ശ്ലീഹായുടെ പ്രബോധനത്തെക്കുറിച്ചും; നാലാം വായനയിൽ (യോഹ. 5:19–29) വചനം കേൾക്കുകയും വചനമായ ഈശോയിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്കു ലഭിക്കുന്ന നിത്യജീവനെക്കുറിച്ചും നാം ശ്രവിക്കുന്നു. മരണത്തിൽനിന്നു പുതുജീവനിലേക്കുള്ള ഒരു പ്രയാണമാണ് എല്ലാ വായനകളുടെയും മുഖ്യപ്രമേയം.

**ഉത്പത്തി 9:8–17:** പഴയനിയമത്തിൽ ദൈവജനവുമായി ഉടമ്പടിയിൽ ഏർപ്പെടുന്ന ദൈവത്തെ നാം കണ്ടുമുട്ടുന്നുണ്ട്. വ്യക്തികൾ തമ്മിലോ സമൂഹങ്ങൾ തമ്മിലോ ഉള്ള ബന്ധങ്ങളെ ക്രമീകരിക്കുന്നതിനായി ഇരുകൂട്ടരും തമ്മിൽ നടത്തുന്ന കരാറിനെയാണ് സാധാരണമായി ഉടമ്പടി എന്ന പദംകൊണ്ടർഥമാക്കുന്നത്. ഹീബ്രുഭാഷയിൽ ബെറിത് എന്ന വാക്കു പ്രധാനമായും ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയെ സൂചിപ്പിക്കുന്നതിനാണുപയോഗിക്കുന്നത്. ഉടമ്പടി ഉറപ്പിക്കുമ്പോൾ മുൻകൈയെടുക്കുന്നതു ദൈവമാണ്. ഉടമ്പടിയുടെ നിബന്ധനകൾ വയ്ക്കുന്നതും ദൈവമാണ്. ഉടമ്പടികളിലെല്ലാം അവകാശങ്ങളും കടമകളുമുണ്ട്. ഉടമ്പടിനിബന്ധനകൾ പാലിക്കുന്നവർക്ക് അനുഗ്രഹങ്ങളും, അതു ലംഘിക്കുന്നവർക്കു ശാപവും ഉണ്ടാകും. ഉടമ്പടിയിലെ നിർദേശങ്ങൾ അനുസരിക്കുകയെന്നതാണ് ദൈവജനത്തിന്റെ ദൗത്യം.

ജലപ്രളയത്തിനു മുമ്പു ദൈവം നോഹയുമായി ഒരു ഉടമ്പടി ചെയ്തു: "എന്നാൽ നീയുമായി ഞാനെന്റെ ഉടമ്പടി ഉറപ്പിക്കും" (ഉത്പ. 6:18). ദൈവം നോഹയ്ക്കു നൽകിയ വാഗ്ദാനം പൂർത്തിയാക്കുന്നതാണ് ഒന്നാമത്തെ വായനയിൽ നാം ശ്രവിക്കുന്നത് (9:8–17). ദൈവത്തിന്റെ നിബന്ധനകളോടു വിശ്വസ്തത പാലിച്ച നോഹയെ ദൈവം അനുഗ്രഹിച്ചു (9:1). ജലപ്രളയത്തിന്റെ കെടുതികളിൽനിന്നു രക്ഷപ്പെട്ടു പുറത്തുവന്ന നോഹയ്ക്കും പുത്രന്മാർക്കും സകല ജീവജാലങ്ങൾക്കും ദൈവം നൽകുന്നതു ജീവനാണ്. ഈ വാഗ്ദാനം പ്രത്യാശ നല്കുന്നതാണ്. ജീവജാലങ്ങളെല്ലാം നശിക്കാൻ ഇടവന്ന, ഭൂമിയെത്തന്നെ നശിപ്പിച്ച ജലപ്രളയത്തിന്റെ ഭീതിയിൽനിന്നു മാറിയുള്ള ഒരു പുതിയ അവസ്ഥയാണു ദൈവം വാഗ്ദാനം ചെയ്യുന്നത്. അസ്തിത്വഭീതിയിൽ കഴിയുന്ന മനുഷ്യനു



ധൈര്യവും പ്രത്യാശയും പ്രതീക്ഷയും പ്രദാനം ചെയ്യുന്നതാണ് ഈ വാഗ്ദാനം.

ഈ ഉടമ്പടിയുടെ അടയാളം ശ്രദ്ധേയമാണ്: "ഭൂമിയുമായുള്ള ഉടമ്പടിയുടെ അടയാളമായി മേഘങ്ങളിൽ എന്റെ വില്ല് ഞാൻ സ്ഥാപിക്കുന്നു. ഞാൻ ഭൂമിക്കു മേലേ മേഘത്തെ അയയ്ക്കുമ്പോൾ അതിൽ മഴവില്ല് പ്രത്യക്ഷപ്പെടും" (9:14). ദൈവം അടയാളമായി നൽകുന്ന മഴവില്ല് ഉടമ്പടിയുടെ സാർവത്രികമാനം എടുത്തുകാട്ടുന്നതാണ്. എല്ലാവർക്കുംവേണ്ടിയുള്ളതാണിത്. ഇത് ആരെയും ഒഴിവാക്കുന്നില്ല. സൃഷ്ടപ്രപഞ്ചം മുഴുവനുമായി ദൈവം ഉറപ്പിച്ച ഒരു സാർവത്രികഉടമ്പടിയാണിത്. പന്ത്രണ്ടാം വാക്യത്തിലെ 'ലെദോറോത്ത് ഓലാം' എന്ന ഹീബ്രുപ്രയോഗത്തിന്റെ അർഥം for perpetual generations എന്നാണ്. എല്ലാ തലമുറകൾക്കുംവേണ്ടിയുള്ളതാണിത്. നാശത്തിൽനിന്ന് എല്ലാവർക്കും ദൈവം ഒരു ഉയിർപ്പു നൽകും.

**2 രാജാക്കന്മാർ 2:1–15:** കർത്താവിനെപ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചുനിന്നിരുന്ന ഏലിയായെ കർത്താവ് സ്വർഗത്തിലേക്ക് എടുക്കുന്നതാണ് രണ്ടാമത്തെ വായനയിൽ നാം ശ്രവിക്കുന്നത്. ഏലിയായും ഏലീഷായും ഗിൽഗാലിൽനിന്നു മരുഭൂമിയിലേക്കു നടത്തുന്ന ഒരു യാത്രയുടെ പശ്ചാത്തലത്തിലാണ് ഈ സംഭവം നടക്കുന്നത്. ദൈവം ഏല്പിച്ച ദൗത്യങ്ങളെല്ലാം വിശ്വസ്തതയോടെ നിർവഹിച്ച ഏലിയാ, കർത്താവിനു തന്നെത്തന്നെ പൂർണമായി സമർപ്പിച്ച ഏലിയ സന്തോഷപൂർവം തന്നെ അയച്ചവന്റെ അടുക്കലേക്കു യാത്രയാകുന്നതാണ് ഈ വചനത്തിന്റെ പ്രമേയം. പുതിയ ജീവനിലേക്കുള്ള ഒരു യാത്രയാണിത്.

ഏലിയായും ഏലീഷായും ഒരുമിച്ചു യാത്ര ചെയ്യുകയാണ്. ഏലീഷായെ വിട്ടുപോകാൻ ഏലിയ പലപ്പോഴും താത്പര്യം പ്രകടിപ്പിക്കുന്നുണ്ട് (2:2). എന്നാൽ, തന്റെ ഗുരുവിനെ ഉപേക്ഷിക്കാൻ തയ്യാറല്ലാതെ, ഗുരുവിന്റെകൂടെ ചരിക്കാൻ ഏലീഷാ ഇഷ്ടപ്പെട്ടു. യഥാർഥ ശിഷ്യത്വത്തിന്റെ മാതൃകയാണിത്: ഗുരുവിന്റെ കൂടെ ചരിക്കുക; ഗുരുവിനെ അനുഗമിക്കുക. ഏലീഷായുടെ വാക്കുകൾ ശ്രദ്ധേയമാണ്: I will not leave you. ഗുരുക്കന്മാരെ നിർദയം തഴയുന്ന, ആദരിക്കാത്ത ഒരു കാലഘട്ടത്തിൽ ഏലീഷാ ഒരു മാതൃകയാണ്. ഗുരുവിനെ തള്ളിപ്പറയാത്ത, ഗുരുവിനെ ഉപേക്ഷിക്കാത്ത ഒരു ശിഷ്യൻ. മൂന്നു പ്രാവശ്യം ഏലീഷാ 'ഞാൻ അങ്ങയെ വിട്ടുമാറില്ല' എന്ന് ഏലിയായോടു പറയുന്നുണ്ട് (2:2,4,6). ഉറച്ചതും യഥാർഥവുമായ ഒരു ശിഷ്യത്വമാണിത്.

ഏലിയായോടുകൂടെ നടന്ന ഏലീഷായോടു പ്രവാചകൻ അവസാനമായി ഒരു ചോദ്യം ചോദിക്കുന്നുണ്ട്: "നിന്നിൽനിന്ന് എടുക്കപ്പെടുന്നതിനുമുമ്പ് ഞാൻ എന്താണു ചെയ്തുതരേണ്ടത്?" (2:9). ഗുരുവിന്റെ കരുതലുള്ള ചോദ്യമാണിത്. ശിഷ്യനെ സ്നേഹിക്കുന്ന ഗുരുവിനുമാത്രമേ ഇപ്രകാരം ചോദിക്കാൻ സാധിക്കുകയുള്ളു. ശിഷ്യന്റെ നന്മയും ഉന്നതിയും ആഗ്രഹിക്കുന്ന ഗുരുനാഥനാണിത്.

ഏലിയായുടെ ചോദ്യത്തിനുള്ള ഏലീഷായുടെ മറുപടി തീവ്രത നിറഞ്ഞതാണ്: "അങ്ങയുടെ ആത്മാവിന്റെ ഇരട്ടിപ്പങ്ക് എനിക്കു ലഭിക്കട്ടെ" (2:9). A double portion of your spirit എന്ന ഏലീഷായുടെ ആവശ്യം ഭൗതികമായുള്ള ശക്തിയെയല്ല സൂചിപ്പിക്കുന്നത്, മറിച്ച്, തന്റെ ശുശ്രൂഷകൾ നിർവഹിക്കാനുള്ള ഇരട്ടികൃപയാണ്. ഏലിയാ ദൈവത്താൽ നയിക്കപ്പെട്ടവനായിരുന്നതിനാൽ താനും ഇരട്ടി ദൈവകൃപയാൽ നിറയണമെന്ന ശുദ്ധമായ ആഗ്രഹമാണിത്. ശിഷ്യന്മാർ എല്ലാവർക്കും ഉണ്ടാകേണ്ട ഭാവവും ഇതുതന്നെയാണ്.

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഏലിയാ സ്വർഗത്തിലേക്കു സംവഹിക്കപ്പെട്ടു. ആലങ്കാരികഭാഷയിലാണ് ഈ സ്വർഗാരോപണം ഇവിടെ അവതരിപ്പിക്കുന്നത്. ആഗ്നേയരഥവും ആഗ്നേയാശ്വങ്ങളും ദൈവസാന്നിധ്യത്തിന്റെ അടയാളങ്ങളാണ്. തന്റെ ശുശ്രൂഷകൾ ദൈവഹിതാനുസരണം നിർവഹിച്ച ഏലിയായെ ദൈവം എടുത്തു. അവൻ സ്വർഗസമ്മാനത്തിനർഹനായി.

**റോമാ 8:1–11:** ദൈവവുമായുള്ള ബന്ധം മനുഷ്യനു നഷ്ടപ്പെടുന്നത് അവന്റെ പാപംവഴിയാണ്. ദൈവബന്ധത്തിൽനിന്നകന്നുപോയ മനുഷ്യവർഗത്തെ ദൈവത്തിങ്കലേക്കു തിരികെക്കൊണ്ടുവരുന്നത് ഈശോമിശിഹായാണ്. അവിടുത്തെ കുരിശുമരണത്തിലൂടെ അവിടുന്നു മനുഷ്യകുലത്തിനു പാപവിമോചനം നൽകുകയും രക്ഷ പ്രദാനം ചെയ്യുകയും ചെയ്തു. റോമാസഭയിലെ വിശ്വാസികളോട് ഇക്കാര്യങ്ങളെക്കുറിച്ചു പറഞ്ഞുകൊടുക്കുകയും അവരെ നവമായ ഒരു ജീവിതത്തിലേക്കു ക്ഷണിക്കുകയും ചെയ്യുകയാണീ വചനഭാഗത്ത്.

ഈശോമിശിഹായോട് ഐക്യപ്പെട്ടിരിക്കുന്നവർക്കു ശിക്ഷാവിധിയില്ല (8:1). 'എൻ ക്രിസ്തോ' എന്ന ഗ്രീക്കുപ്രയോഗത്തിന്റെ അർഥം "In Christ" എന്നാണ്. ഇത് ഒരു പൗളിൻ പ്രയോഗമാണ്. ഇതിന് ഒരു ദൈവശാസ്ത്രമാനമുണ്ട്. മാമ്മോദീസാ സ്വീകരിച്ചവർ ഈശോമിശിഹായോട് ഒന്നായിരിക്കുന്ന അവസ്ഥയാണിത്. ഈശോമിശിഹായിലേക്കുള്ള ഒരു incorporation ആണിത്. ഈശോമിശിഹായോട് ഐക്യപ്പെട്ടു ജീവിക്കുന്നവർ പാപത്തിന്റെ ബന്ധനത്തിലല്ല; അവർ രക്ഷയുടെ ചൈതന്യത്തിലാണു വസിക്കുന്നത്.

യേശുക്രിസ്തുവിലുള്ള ജീവാത്മാവിന്റെ നിയമം പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽനിന്ന് ഒരുവനെ സ്വതന്ത്രനാക്കുന്നു. 'ജീവന്റെ ആത്മാവ്' പരിശുദ്ധ റൂഹാതന്നെയാണ്. മാമ്മോദീസായിൽ ഒരാൾ നിറയുന്നതും അഭിഷേകം ചെയ്യപ്പെടുന്നതും പരിശുദ്ധ റൂഹായാലാണ്. മാമ്മോദീസായിൽ ആരംഭിച്ച പുതിയ ജീവിതക്രമത്തിൽ ചരിക്കുന്നയാൾ പരിശുദ്ധിയുടെ ജീവിതം നയിക്കുമ്പോൾ അവിടെ സംജാതമാകുന്നത് നിത്യരക്ഷയാണ്, നിത്യശിക്ഷയല്ല. കാരണം, അയാളുടെ ജീവിതം ആത്മാവിന്റെ നിറവിലാണ്. ആത്മാവിന്റെ പ്രചോദനമനുസരിച്ചു ജീവിക്കുന്നവൻ ജഡികചിന്തകളുടെ പ്രലോഭനത്തിൽപ്പെടുന്നുമില്ല. ദൈവികനിയമത്തിൽ വ്യാപരിക്കുന്നവൻ നിത്യജീവനർഹനാകും.

**യോഹന്നാൻ 5:19–29:** ഈശോമിശിഹായുടെ ദൈവരാജ്യപ്രഘോഷണങ്ങളിലും അനുബന്ധ സൗഖ്യശുശ്രൂഷകളിലും അനേകർ അസ്വസ്ഥരാകുന്നുണ്ട്. എന്ത് അധികാരത്താലാണ് ഇവൻ ഇതൊക്കെ ചെയ്യുന്നത് എന്നുപോലും ജനം ചിന്തിക്കുകയും ചോദിക്കുകയും ചെയ്തിട്ടുണ്ട്. പുത്രന്റെ അധികാരത്തെക്കുറിച്ച് അർഥശങ്കയ്ക്കിടനൽകാത്തവിധം ഈശോ പഠിപ്പിക്കുകയാണ് ഇന്നത്തെ സുവിശേഷത്തിൽ. പുത്രന്റെ പ്രവൃത്തികൾ പിതാവിന്റേതന്നെയാണെന്നും തന്റെ പ്രവർത്തനങ്ങൾ ദൈവികമാണെന്നും ഈശോ വ്യക്തമായി പഠിപ്പിക്കുന്നു.

പിതാവിന്റെ പ്രവൃത്തികളിൽ പങ്കുചേരുന്നവനാണു പുത്രൻ. സ്വന്തം ഇഷ്ടമനുസരിച്ച് പുത്രൻ ഒന്നും പ്രവർത്തിക്കുന്നില്ല (5:19). ഈശോയുടെ വാക്കുകളുടെ അർഥം അവിടുന്നു പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണെന്നുള്ളതാണ്. പിതാവിന്റെ ഹിതമാണ് തന്റെ ഹിതമെന്ന വാക്കുകൾ ഈശോയുടെ ദൈവത്വത്തെ കുറിക്കുന്നു.

പിതാവ് മരിച്ചവരെ എഴുന്നേല്പിച്ച് അവർക്കു ജീവൻ നൽകുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവർക്കു ജീവൻ നൽകും (5:21). ഗ്രീക്കുഭാഷയിലെ സോപ്പെയ്യെയോ എന്ന പദത്തിന്റെ അർഥം ജീവൻ നൽകുക എന്നാണ്. ജീവൻ നൽകുന്നതു ദൈവമാണ്. ഈശോ ജീവൻ നൽകുമെന്നു പറയുന്നതിന്റെ അർഥം അവിടുന്നു പുത്രനായ ദൈവമാണെന്നുതന്നെയാണ്. ഈ പ്രവൃത്തി ഈശോയുടെ ദിവ്യത്വത്തെയാണു കാണിക്കുന്നത്.

വിധിക്കുക എന്നതു പുത്രന്റെ ദൗത്യമാണ്. പിതാവു പുത്രനെ ഭരമേല്പിച്ചിരിക്കുന്നതാണ് ഈ പ്രവൃത്തി (5:22). ഗ്രീക്കുഭാഷയിലെ ക്രിസിസ് എന്ന പദത്തിന്റെ അർഥം വിധി എന്നാണ്. ഈ പദത്തിനു വേർതിരിക്കൽ എന്നൊരു അർഥതലംകൂടിയുണ്ട്. ന്യായാധിപൻ വിധി പ്രസ്താവിക്കുമ്പോൾ ഒരു വേർതിരിക്കൽ നടക്കുന്നുണ്ട്. ഒന്നുകിൽ ജീവൻ അല്ലെങ്കിൽ മരണം. രക്ഷയ്ക്കും ശിക്ഷയ്ക്കുമുള്ള വിധിക്കു നിർണായകമായിത്തീരുന്ന വ്യക്തി ഈശോമിശിഹായാണ്.

■



മേരി സെബാസ്റ്റ്യൻ

# മാതൃത്വത്തിന്റെ രക്തസാക്ഷിണി

**മാതൃത്വം സംരക്ഷിക്കുന്നതിനായി സ്വജീവൻ ബലിയായി അർപ്പിച്ച ജിയന്ന ബെരേറ്റ മോള്ള വിശുദ്ധപദവിയിലെത്തിയിട്ട് 2024 മേയ് 14 ന് ഇരുപതുവർഷം പൂർത്തിയാകുന്നു.**



ചരിത്രാതീതകാലംമുതൽ സ്ത്രീക്ക്, അതിലുപരി മാതൃത്വത്തിന് പരമോന്നതസ്ഥാനമാണു ലോകം നൽകിപ്പോന്നിട്ടുള്ളത്. അവൾ നന്മയാണ്, പുണ്യമാണ്, വിശുദ്ധിയാണ്, സത്യമാണ്, സൗന്ദര്യമാണ്, സ്നേഹമാണ്... എന്നിങ്ങനെ മതങ്ങളും മതഗ്രന്ഥങ്ങളും മതസാരഥികളും തുടങ്ങി കവികളും ചിന്തകരും വരെ അടിക്കുറിപ്പെഴുതി ആദരവും അംഗീകാരവും നൽകിയിരിക്കുന്നു. അവൾ ജീവനോട് ഏറ്റവും അടുത്തിരിക്കുന്നവളും തലമുറകൾക്കു ജന്മം നൽകുന്നവളുമാണ്. ഭൂമിയിൽ ദൈവത്തിന്റെ പകരക്കാരിയാണവൾ. എന്നാൽ, കാലം മാറി... കഥ മാറി... മാതൃത്വത്തിന്റെ ദിവ്യഭാവങ്ങൾ തച്ചുടച്ചു ദുഷ്ടതയുടെ മൂർത്തീഭാവങ്ങളായി സംഹാരതാണ്ഡവമാടുന്ന മാതാക്കൾ ഇന്നിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. ഉദരത്തിൽ ഉരുവാകുന്ന കുഞ്ഞുങ്ങളെ ഒരു മടിയുംകൂടാതെ പിച്ചിച്ചീന്തി വലിച്ചെറിയുന്ന മാതാക്കളുടെ എണ്ണം അനുദിനം വർധിച്ചുവരുന്നു. പ്രതിവർഷം അഞ്ചരക്കോടിയിലധികം ഗർഭച്ഛിദ്രങ്ങളാണ് ലോകമെമ്പാടും നടന്നുകൊണ്ടിരിക്കുന്നതെന്നാണു കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ, തന്റെ നാലാമത്തെ ഉദരഫലത്തിനു ജന്മം നൽകാൻ സ്വന്തം ജീവൻ ബലിയായി നൽകിയ ഇരുപതാം നൂറ്റാണ്ടിന്റെ നേർക്കാഴ്ചയായ ഒരു മഹാവിശുദ്ധയാണ് ജിയന്ന ബെരേറ്റ മോള്ള. മാതൃത്വത്തിന്റെ മഹനീയമാതൃകയാണവൾ.

ഇറ്റലിയിൽ മിലാൻനഗരത്തിലെ മാഗന്റാ എന്ന സ്ഥലത്തു വസിച്ചിരുന്ന ആൽബർട്ടോ-മരിയ ദമ്പതികളുടെ ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ പത്താമത്തെ പുഷ്പമാണ് 1922 ഒക്ടോബർ 4 നു പിറന്നുവീണ ഈ പെൺകുഞ്ഞ്. അന്നേദിവസം അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ തിരുനാൾകൂടിയായിരുന്നു. ഏഴാംദിവസം മാതാപിതാക്കൾ മാമ്മോദീസാ നൽകി ജിയന്ന ഫ്രാൻസിസ്കോ എന്നു പേരു നൽകി. ആൽബർട്ടോയും മരിയയും ജീവിതത്തിൽ ലാളിത്യം പുലർത്തിയിരുന്നവരും കഠിനാധ്വാനം ചെയ്ത് ഏറെ അംഗങ്ങളുള്ള കുടുംബത്തെ പോറ്റിയിരുന്നവരുമാണ്. മാതാപിതാക്കൾ തങ്ങളുടെ മക്കളെ ദൈവഭക്തിയിലും പരസ്നേഹത്തിലും വളർത്താൻ ഏറെ ശ്രദ്ധിച്ചിരുന്നു. അനുദിനം മക്കളോടൊപ്പം ദിവ്യബലിയിൽ പങ്കെടുക്കുകയും ജീവകാരുണ്യ പ്രവൃത്തികൾക്കായി സമയം മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. ആത്മീയപുഷ്ടിയും വിശ്വാസതീക്ഷ്ണതയും ജീവിതവിശുദ്ധിയും നിറഞ്ഞ ആ കുടുംബത്തിൽനിന്ന് തീരാനൊമ്പരവും ദുഃഖത്തിന്റെ കരിനിഴലുമായി അഞ്ചു കുട്ടികൾ പലവിധ രോഗങ്ങളാൽ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. എങ്കിലും ഭഗ്നാശരാവാതെ ശേഷിച്ച എട്ടുകുഞ്ഞുങ്ങളെയും ദൈവോന്മുഖരായി വളർത്തി. മാത്രമല്ല, മൂന്നു മക്കളെ കർത്താവിന്റെ മുന്തിരിത്തോപ്പിലേക്കു വേലയ്ക്കായി അയയ്ക്കുകയും ചെയ്തു.

ജിയന്നായുടെ ബാല്യകൗമാരങ്ങൾ ഏവരുടെയും ശ്രദ്ധയും അംഗീകാരവും പിടിച്ചുപറ്റാൻ പര്യാപ്തമായിരുന്നു. സംഗീതം, പഠനം, കലാകായികരംഗങ്ങൾ തുടങ്ങിയവയിലെല്ലാം അവൾ സമർഥയായിരുന്നു. ജിയന്നായ്ക്ക് പതിനാറു വയസ്സുള്ളപ്പോൾ. ഒരു നോമ്പുകാലധ്യാനത്തിൽ പങ്കെടുക്കവേ അവൾക്കു തന്റെ ജീവിതത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാട് ലഭ്യമാകുകയും പലവിധ പരിവർത്തനങ്ങൾക്കു വിധേയപ്പെടുകയും ചെയ്തു. പാപത്തെ വെറുക്കാനും പുണ്യത്തെ പുണരാനുമുള്ള കൃപ അവളിൽ നിറഞ്ഞൊഴുകി. ജിയന്നായുടെ ഇരുപതാമത്തെ വയസ്സിൽ തന്റെ പ്രിയമാതാവ് ഹൃദയസ്തംഭനംമൂലം മരണപ്പെട്ടു. ആ ദുഃഖം അവൾക്കു താങ്ങാവുന്നതിലധികമായിരുന്നു. ആ മുറിവുണങ്ങുന്നതിനുമുമ്പേ തന്നെ അവളുടെ പിതാവും മരിച്ചു. മുറിഞ്ഞിടത്തുതന്നെ വീണ്ടും മുറിയുന്ന അനുഭവം നിശ്ശബ്ദസഹനത്തിന്റെ ഏങ്ങലടികളായി രൂപം പ്രാപിച്ചു. വേർപാടിന്റെ എല്ലാ വേദനകളും പരിശുദ്ധ വ്യാകുലമാതാവിന്റെ വിമലഹൃദയംവഴി ഈശോയിലേക്കു സമർപ്പിച്ച്, ജീവിതം പുനഃക്രമീകരണം നടത്തി. ദൈവാലയശുശ്രൂഷകളും ജീവകാരുണ്യപ്രവൃത്തികളും ദിവ്യകാരുണ്യാരാധനയുമെല്ലാം അവളുടെ മനസ്സിനു ശാന്തിയും ആത്മാവിനു കുളിർമയും ജീവിതത്തിനു ലക്ഷ്യബോധവും പകർന്നുനൽകി.

മാതാപിതാക്കളുടെ മരണശേഷം ജിയന്നയും സഹോദരങ്ങളും അപ്പൂപ്പന്റെ ഭവനത്തിലേക്കു താമസം മാറ്റി. 1942 ൽ ജിയന്നാ മിലാൻ യൂണിവേഴ്സിറ്റിയിൽ മെഡിസിനു ചേരുകയും 1949 ൽ മെഡിസിനിലും സർജറിയിലും ബിരുദാനന്തരബിരുദം നേടുകയും ചെയ്തു. അതിനുശേഷം സ്വന്തമായൊരു ക്ലിനിക് ആരംഭിക്കുകയും വീണ്ടും പീഡിയാട്രിക്സിൽ സ്പെഷ്യലൈസ് ചെയ്ത് കുട്ടികളുടെ ഡോക്ടറാവുകയും ചെയ്തു. ഈ തിരക്കേറിയ ജീവിതത്തിനിടയിലും ദിവ്യബലിക്കോ വ്യക്തിപരമായ പ്രാർഥനകൾക്കോ കാരുണ്യപ്രവൃത്തികൾക്കോ മുടക്കം വരുത്തിയിരുന്നില്ല. ശിശുരോഗവിദഗ്ധയായ ജിയന്നായുടെ അർപ്പണബോധവും സേവനതത്പരതയും ദീനാനുകമ്പയും തിളക്കമാർന്ന വ്യക്തിത്വവും മറ്റുള്ളവരുടെ മനം കവരാൻ പര്യാപ്തമായിരുന്നു.

ഒരുനാൾ ജിയന്ന ഒരു പുത്തൻകുർബാനയിൽ പങ്കെടുക്കാനെത്തിയ അവസരത്തിലാണ് മതാധ്യാപകനും ഒരു ഫാക്ടറിയുടെ എഞ്ചിനീയറുമായ പിയോട്രായുമായി കണ്ടുമുട്ടുന്നതും പരിചയപ്പെടുന്നതും. പിന്നീടങ്ങോട്ട് പല അവസരങ്ങളിലുമുള്ള അവരുടെ കൂടിക്കാഴ്ചകൾ ഒരു നവക്രൈസ്തവകുടുംബം രൂപം പ്രാപിക്കാനുള്ള നിമിത്തമായി ഭവിച്ചു. അങ്ങനെ ഇരുവരുടെയും വീട്ടുകാർ തമ്മിലുള്ള അറിവോടും അനുവാദത്തോടും അനുഗ്രഹത്തോടുംകൂടി 1955 സെപ്റ്റംബർ 25 ന് വിവാഹിതരായി. ജിയന്ന ആതുരശുശ്രൂഷകൾക്ക് ഒട്ടും കുറവു വരുത്താതെ നല്ലൊരു ഭാര്യയായി, ഡോക്ടറായി പ്രശംസാവഹമായി ജീവിതമാരംഭിച്ചു. ദൈവം അവർക്കു സമ്മാനമായി ഒരാൺകുഞ്ഞിനെയും രണ്ടു പെൺകുഞ്ഞുങ്ങളെയും നൽകി അനുഗ്രഹിച്ചു. കുഞ്ഞുങ്ങളെ ഓമനിച്ചും ലാളിച്ചുമുള്ള അവരുടെ സന്തുഷ്ട ജീവിതം മറ്റുള്ളവർക്ക് ഏറെ പ്രശംസനീയവും അഭിനന്ദനാർഹവുമായി ശോഭിച്ചിരുന്നു! 1961 ൽ ജിയന്ന വീണ്ടും ഗർഭിണിയായി. അവരുടെ സന്തോഷം ഇരട്ടിയായി. ഒരുദിവസം ജിയന്നായുടെ ഉദരത്തിൽ അതിശക്തമായ വേദനയും ശരീരത്തിനു തളർച്ചയും അനുഭവപ്പെട്ടു. ആശുപത്രിയിലെത്തി വിദഗ്ധപരിശോധനയിൽ അറിഞ്ഞത് അവളുടെ ഉദരത്തിൽ ഒരു ട്യൂമർ വളരുന്നുവെന്നാണ്. എത്രയും പെട്ടെന്ന് ഗർഭച്ഛിദ്രം നടത്തുകയും ഗർഭപാത്രം നീക്കം ചെയ്യുകയുംമാത്രമാണു പ്രതിവിധിയെന്നു ഡോക്ടർമാർ വിധിയെഴുതി. എല്ലാവരെയും ദുഃഖത്തിലാഴ്ത്തുന്ന വാർത്തായിരുന്നു അത്.

ജിയന്ന പ്രാർഥിച്ചൊരുങ്ങി ഒരു തീരുമാനമെടുത്തു തന്റെ ഭർത്താവിന്റെ മുമ്പിൽ നിറകണ്ണുകളോടെ ഇത്രമാത്രം പറഞ്ഞു: "എന്നെയും കുഞ്ഞിനെയും രക്ഷിക്കാൻ ശ്രമിക്കൂ. ഒരാൾ മാത്രമേ ജീവിക്കൂ എന്ന അവസ്ഥയിലാണെങ്കിൽ കുഞ്ഞിനെത്തന്നെ രക്ഷിക്കൂ." ദൈവമനസ്സിനിണങ്ങിയ മാതൃത്വത്തിന്റെ മധുരിമയിൽ ജിയന്ന തന്റെ ശാരീരികവും മാനസികവുമായ വേദനയോടു താദാത്മ്യം പ്രാപിച്ചുകൊണ്ട് ഒരു പെൺകുഞ്ഞിനുംകൂടി ജന്മം നൽകി മരണത്തോടു സമീപിക്കുകയായിരുന്നു. അമ്മ കുഞ്ഞിനെ കരങ്ങളിലെടുത്തു ചുംബിച്ചുകൊണ്ട് എമ്മാനുവേല എന്നു പേരുവിളിച്ചു. തന്റെ ജീവിതപങ്കാളിയെയും നാലു മക്കളെയും ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ജിയന്ന ശാന്തമായി സുസ്മേരവദനയായി സമാധാനത്തോടെ സ്വർഗത്തിലേക്കു കണ്ണുകളുയർത്തി! അനുജത്തി സിസ്റ്റർ വെർജീനിയ അവളെ തഴുകിത്തലോടി യേശുനാമം ചൊല്ലിക്കൊടുത്തു. അവൾ മെല്ലെ അധരങ്ങൾ അടച്ചു. കണ്ണുകൾ കൂപ്പി. അവൾ ഒരു മാടപ്പിറാവിനെപ്പോലെ മാലാഖമാരുടെ ചിറകിലേറി സ്വർഗത്തിലേക്കു പറന്നുയർന്നു! ഈ ദുഃഖവാർത്ത നാടെങ്ങും പരന്നൊഴുകി. ജനസഹസ്രങ്ങൾ ആ പുണ്യാത്മാവിനെ ഒരു നോക്കു കാണാൻ ഓടിക്കൂടി.

മരണാനന്തരം ആ ധന്യമാതൃത്വത്തിന്റെ കബറിടത്തിലേക്കു ഭക്തജനപ്രവാഹം വർധിച്ചുകൊണ്ടിരുന്നു. തന്നെ വിളിച്ചു മാധ്യസ്ഥ്യം യാചിക്കുന്നവർക്കെല്ലാം സ്വർഗത്തിൽനിന്ന് അനുഗ്രഹപ്പൂമഴ ചൊരിയാനുള്ള വരം നൽകി ദൈവം അവളെ അനുഗ്രഹിച്ചു! ജിയന്നയുടെ കബറിടം സ്ഥിതിചെയ്യുന്ന മിലാനിനടുത്തുള്ള മെസോറോയിൽ സന്ദർശനത്തിനെത്തുന്ന ഭക്തജനങ്ങൾക്ക് അദ്ഭുതരോഗശാന്തികൾ നിത്യസംഭവങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ജിയന്നായെ വാഴ്ത്തപ്പെട്ടവളായും വിശുദ്ധയായും പ്രഖ്യാപിക്കാനുള്ള രണ്ട് അദ്ഭുതങ്ങളും നടന്നത് ബ്രസീലിലാണ്. ജിയന്ന മരണമടഞ്ഞ് 42 വർഷങ്ങൾക്കുശേഷം ജോൺപോൾ രണ്ടാമൻ മാർപാപ്പാ 1994 ഏപ്രിൽ 14 ന് അവളെ വാഴ്ത്തപ്പെട്ടവളായി നാമകരണം ചെയ്തു. 2004 മേയ് 14 ന് റോമിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ വച്ച് വാഴ്ത്തപ്പെട്ട ജിയന്നായെ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വിശുദ്ധയായി പ്രഖ്യാപിച്ചു. കേവലം 39 വർഷംമാത്രം ഭൂമിയിൽ ജീവിച്ച് നാലുമക്കൾക്കു ജന്മം നൽകി സ്വർഗം പൂകിയ ഈ മഹാവിശുദ്ധ ഗർഭിണികളുടെ മധ്യസ്ഥയായി പ്രത്യേകമാംവിധം വണങ്ങപ്പെടുന്നു.

■

Deepanalam Weekly

RNI No : 16998/68
Vol. 57 No. 8 Date of Publication 25 April 2024
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment


# രക്ഷയുടെ ചെറിയ പ്രേഷിതർ
## (Little Apostles of Redemption-L.A.R.)
### നിങ്ങളെ സ്വാഗതം ചെയ്യുന്നു



ദൈവദാസൻ
ഫാ. അർതൂറോ ഡൊണേറ്റോഫ്രിയോ
ഇറ്റലി
(സ്ഥാപകൻ)
(1914-2006)

*"ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്തത്" (മത്താ. 25:40)*

നേടാനുള്ള പടയോട്ടങ്ങൾക്കിടയിൽ എല്ലാം നഷ്ടപ്പെടുത്തുവാൻ...!
ലോകത്തിന്റെ ബഹുമതിയെക്കാൾ അതിന്റെ നിന്ദനങ്ങൾ ഇഷ്ടപ്പെടുവാൻ...!!
ഉള്ളിൽ പകർന്നുനൽകിയ ഉണ്മയെ കൂടുതൽ തിളക്കമേറ്റി തിരിച്ചുനൽകാൻ...!!!

സമർപ്പിതസേവനത്തിലൂടെ ക്രിസ്തുവിന്റെ മിഷനറിയായി കുഞ്ഞുങ്ങൾക്കും വൃദ്ധമാതാപിതാക്കൾക്കും ആരോരുമില്ലാത്തവർക്കും അംഗവൈകല്യമുള്ളവർക്കും കുരിശിൽ പൂർത്തിയാക്കപ്പെട്ട സ്നേഹം പകർന്നുകൊടുക്കുവാൻ താത്പര്യമുള്ള കുഞ്ഞനുജത്തിമാരെ **രക്ഷയുടെ ചെറിയ പ്രേഷിതർ (L.A.R)** എന്ന സന്ന്യാസിനീസമൂഹം സ്വാഗതം ചെയ്യുന്നു.

1949 ൽ ഫാ. അർത്തുറോ ദൊദണോഫ്രിയോ ഇറ്റലിയിൽ സ്ഥാപിച്ച ഈ സന്ന്യാസിനീസമൂഹം ഇപ്പോൾ ഇറ്റലി, കൊളമ്പിയ, സാൽവദോർ, ഗ്വാട്ടിമാല, ഇന്ത്യ, മെക്സിക്കോ, ഈസ്റ്റ് തിമോർ, മഡഗാസ്കർ, ഹോണ്ടുറാസ് എന്നിവിടങ്ങളിൽ പ്രേഷിതപ്രവർത്തനം നടത്തിവരുന്നു. ഇന്ത്യയിൽ പ്രധാനമായും കേരളത്തിൽ പാലാ രൂപതയിൽ മണ്ണയ്ക്കനാട്ടും പാലായിൽ കിഴതടിയൂരും, വാക്കാട് ഇടവകയിലും ഇടുക്കി ജില്ലയിൽ വാഴത്തോപ്പ് ഇടവകയിലും (04862-235428) സമൂഹത്തിന്റെ ശാഖാഭവനങ്ങൾ പ്രവർത്തിക്കുന്നു. ദൈവത്തിനും ദൈവജനത്തിനുംവേണ്ടി വിവിധ പ്രവർത്തനങ്ങളിലൂടെ പ്രതിഷ്ഠിതസേവനം അനുഷ്ഠിക്കാൻ ആഗ്രഹിക്കുന്ന കുഞ്ഞനുജത്തിമാർ **ഉടൻ ഞങ്ങൾക്കെഴുതുക**

Vocation Promoter
L.A.R. Convent
Mannackanad P.O.
Kuravilangad - 686 633
Phone: 04822-251086

Vocation Promoter
L.A.R. Convent
PALAI - P.O. 686 575
Kizhathadiyoor
Phone: 04822-215137



## MISSIONARY CONGREGATION OF THE DAUGHTERS OF ST.THOMAS(DST)



എന്റെ കർത്താവേ, എന്റെ ദൈവമേയെന്ന് ക്രിസ്തുവിന്റെ ചങ്കിൽതൊട്ടു പ്രഘോഷിക്കുവാൻ, വിശുദ്ധ തോമ്മാശ്ലീഹായെപ്പോലെ ഇരുളിന്റെ ദിശയെ വെളിച്ചമാക്കുവാൻ, ഇന്നിന്റെ വെല്ലുവിളികൾക്കു മുമ്പിൽ ജ്വലിക്കുന്ന സാക്ഷ്യമാകുവാൻ നീ ധൈര്യപ്പെടുന്നുവെങ്കിൽ 'വന്നു കാണുക'

DST സാന്തോം പ്രൊവിൻസ് നിങ്ങളെ ക്ഷണിക്കുന്നു

The Missionary Congregation of the
Daughters of St. Thomas the Apostle
Santhome Provincial House
Chethimattom, Pala P.O., pin 686575 Ph: 8289938859



## നന്മ ഹോം നഴ്സിങ്
### Reg No. K. 252/2024
സെന്റ് തോമസ് പ്രസിനു സമീപം, പാലാ



ആശുപത്രി കൂട്ടിരിപ്പ് | രോഗീപരിചരണം
വീട്ടുജോലി | ബേബി കെയർ
പ്രസവശുശ്രൂഷ

ജോലിക്കാരെ ആവശ്യമുള്ളവരും ജോലി ആവശ്യമുള്ളവരും ഈ നമ്പറുകളിൽ ബന്ധപ്പെടുക

100 ശതമാനം ഉത്തരവാദിത്വം

PH: 9074248155, 7025092689, 8547743590



## സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത്
## നമ്മുടെ അച്ചായൻസ് തന്നെ






നിങ്ങളുടെ സ്വർണ്ണം വിൽക്കുമ്പോൾ
ഏറ്റവും ഉയർന്ന വില നൽകുന്നു

ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത്
ഏറ്റവും ഉയർന്ന വിലയിൽ വിൽക്കുവാൻ
സഹായിക്കുന്നു.

നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ
തൂക്കത്തിൽ കുറവു വരുത്താതെ
ഏറ്റവും ഉയർന്ന വില നൽകുന്നു.

അച്ചായൻസ് ഗോൾഡ് 916

പാലാ

എറണാകുളം | ചങ്ങനാശ്ശേരി | കോട്ടയം | ഏറ്റുമാനൂർ | ഉഴവൂർ | ചിങ്ങവനം | സംക്രാന്തി
കടുവാക്കുളം | കരിങ്കുന്നം | ചേർത്തല | കടുത്തുരുത്തി | തൊടുപുഴ

+91 9072 388 172 | +91 9847 113 429

അച്ചായൻസ് ഗോൾഡിൽ
പ്രവാസികൾക്കായി
പ്രത്യേക ആനുകൂല്യങ്ങൾ

വിദേശ പഠനം, ജോലി എന്നിവയ്ക്കായി
സ്വർണ്ണം വിൽക്കുമ്പോൾ
ബ്രാൻഡഡ് ട്രോളി ബാഗ്
സമ്മാനമായി നൽകുന്നു.


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org